കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുടാളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/1837/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തിയ്യതി 15.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

കുടാളി ഗ്രാമ പഞ്ചായത്ത് .

സർ,

വിഷയം: കുടാളി ഗ്രാമപഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കുടാളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-4,3-2,3-3,3-.3-12,3-16എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും

ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഇ-മെയിൽ വഴി)

3)കാര്യാലയ പ്രതി

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/1837/2018 തീയ്യതി 15.12.2018

## കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റ 2017-18 സാമ്പത്തിക

# വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

## ആമുഖം

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 03.07.2017 മുതൽ 23.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 28 എണ്ണം നൽകിയതിൽ 26എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബി.സന്തോഷ്. ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 24-09-2018 മുതൽ 04-10-2018 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശശീന്ദ്രൻ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിപിന വൽസരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീമതി.വനജ.എം. | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | പി.പി, നൌഫൽ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ഇബ്രാഹിം എൻ യു | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | വിദ്യ കുഞ്ഞുമോൻ | 01.04.2017 മുതൽ 30.07.2017 വരെ |
| | ഷിജി മാത്യൂ | 31.07.2017മുതൽ 29.10.2017വരെ |
| | നീരജ സി ആർ | 30.10.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ലജിത വി എ | 01.04.2017 മുതൽ 31.08.2017 വരെ |
| | ഷാനവാസ് എസ് | 01.09.2017 മുതൽ 16.09.2017 വരെ |
| | മനോഹരൻ മാണിക്കോത്ത് | 17.09.2017 മുതൽ 16.11.2017 വരെ |
| | ഷാനവാസ് എസ് | 17.11.2017 മുതൽ 19.11.2017 വരെ |
| | മനോഹരൻ മാണിക്കോത്ത് | 20.11.2017 മുതൽ 07.01.2018 വരെ |
| | ഷാനവാസ് എസ് | 08.01.2018 മുതൽ 08.01.2018 വരെ |
| | മനോഹരൻ മാണിക്കോത്ത് | 09.01.2018 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. എസ് | 01.04.2017 മുതൽ |

| | | |
|---|---|---|
| | മഗേഷ് | 31.03.2018 വരെ |
| വി.ഇ.ഒ | സീമ ഇ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ബാലകൃഷ്ണൻ | 01/04/2017 മുതൽ 26/05/2017വരെ |
| | പ്രസാദൻ കെ പി | 27/05/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | സംഗീത ബാലകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സോന ബി നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ബിന്ദു പി എം | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശോഭന പട്ടത്താരി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | ഡോ. സുജ ജി നായർ | 01.04.2017 മുതൽ 31.07.2017 വരെ |
| | ഡോ. എ രാമചന്ദ്രൻ | 01.08.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വസ്തുനികുതി- കാലഹരണപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർഷങ്ങൾ കഴിഞ്ഞിട്ടും ഡിമാന്റിൽ നിന്നും നീക്കം ചെയ്യപ്പെടുന്നില്ല. | 2-1 |
| 14 | തൊഴിൽനികുതി അപാകങ്ങൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-3 |
| 16 | ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ്- അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി പ്രവർത്തനക്ഷമമാക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്. | 2-4 |
| 17 | വാർഷിക ലേലം കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-5 |
| | ഭാഗം 3 | |

| | | |
|---|---|---|
| | ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18 | പഞ്ചായത്ത് വാഹന ഉപയോഗം - നിബന്ധനകൾ പാലിക്കേണ്ടതാണ് | 3-1 |
| 19 | സ്ഥിര നിക്ഷേപം - പലിശയിനത്തിൽ കുറവ് വരുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. | 3-2 |
| 20 | ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്തവർക്ക് അനർഹമായി ആനുകൂല്യം നൽകി. | 3-3 |
| 21 | സമഗ്ര നെൽകൃഷി വികസനം -പ്രൊജക്റ്റ് നടപ്പിലാക്കിയത് മാനദണ്ഡങ്ങൾ പാലിക്കാതെ - 771000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-4 |
| 22 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നടത്തിപ്പും, വികസന കാര്യ സ്റ്റാൻറ്റിംഗ് കമ്മറ്റിയും. | 3-5 |
| 23 | ഭവന നിർമ്മാണം ഭവന പുനരുദ്ധാരണം പ്രോജക്ടിൽ ആനുകൂല്യം ലഭിച്ചവർ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 3-6 |
| 24 | ജി,എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന് മുമ്പ് കരാറുകാർ ജി. എസ്. ടി രജിസ്ട്രേഷൻ എടുത്ത് തുക ഒടുക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3-7 |
| 25 | ടെണ്ടർ ബിലോ ഇനത്തിൽ കുറവ് ചെയ്യാനുള്ള ₹3185 രൂപ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ് | 3-8 |
| 26 | ഇ-ടെണ്ടർ ഫീയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹ 29732 രുപ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-9 |

| | | |
|---|---|---|
| 27 | കരാർ കാലാവധികകം പ്രവ്യത്തി പൂർത്തിയാകാത്ത കരാറുകാരിൽ നിന്നുംനിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 3-10 |
| 28 | റോഡ് പ്രവ്യത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം പാലിച്ചില്ല. | 3-11 |
| 29 | മരാമത്ത് പ്രോജക്ടുകളുടെ നിർവ്വഹണം- പ്രോജക്ട് മോണിറ്ററിംഗ് ഫലപ്രദമല്ല - രേഖകൾ ലഭ്യമല്ല. | 3-12 |
| 30 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-13 |
| 31 | മഴക്കാലപൂർവ്വശുചീകരണം-ശുചിത്വ മിഷൻ ഫണ്ട് അനുവദിക്കുന്ന മുഴുവൻ തുകയും വിനിയോഗിക്കുന്നില്ല | 3-14 |
| 32 | തെരുവ് നായ്ക്കളുടെ നിയന്ത്രണം- അനിവാര്യ ചുമതല നിറവേറ്റാൻ നടപടികളില്ല | 3-15 |
| 33 | കുടിവെള്ളടാപ്പുകളുടെ വെള്ളക്കരം- അധികമൊടുക്കിയ തുക ക്രമീകരിച്ചിട്ടില്ല | 3-16 |
| 34 | പുതിയതെരുവ് വിളക്കുകളുടെ സ്ഥാപനം- കെ.എസ്.ഇ.ബി യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റില്ല | 3-17 |
| 35 | കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്ക് - തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 3-18 |
| 36 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ. | 3-19 |
| 37 | പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പാക്കിയില്ല | 3-20 |
| 38 | ആയുർവേദ ഡിസ്പൻസറിക്ക് മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-21 |

| | | |
|---|---|---|
| | – തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 39 | തൊഴിൽ രഹിത വേതനം അനർഹരായവർ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3-22 |
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 40 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത റിപ്പോർട്ട് | 4-7 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 51 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | അനുബന്ധം-2-1 |
| 52 | ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | അനുബന്ധം-2-2 |
| 53 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

17.03.2017തീയതിയിലെ 44/17തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2792040 |
| വരവ് | 162983500 |
| ആകെ | 165775540 |
| ചെലവ് | 162197800 |
| നീക്കിയിരിപ്പ് | 3577740 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 17.05.2018 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 26.06.2018 & 27.06.2018 | KSA/KNR/C10/984/18 തീ.31.07.2108 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20716227.68 |

| | |
|---|---|
| വരവ് | 58356816.00 |
| ആകെ | 79073043.68 |
| ചെലവ് | 57540764.00 |
| നീക്കിയിരിപ്പ് | 21532279.68 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15010000 | 15010000 | 13024777 | 1985223 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1249236 | 1249236 | 812436 | 436800 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 14994 | 14994 | 14994 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8169000 | 8169000 | 8034528 | 134472 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3369000 | 3369000 | 3190218 | 178782 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7049753 | 7049753 | 7049753 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 950005 | 950005 | 950000 | 5 |
| സാക്ഷരത | 116229 | 4649 | 120878 | 0 | 120878 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 46322 | 36576 | 82898 | 0 | 82898 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 12372884 | 12372884 | 12372884 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1056 | 919751 | 920807 | 919137 | 1670 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 0 | 180000 | 180000 | 75000 | 105000 |
| എം.പി.ഫണ്ട് | | 3500 | 130 | 3630 | 0 | 3630 |
| എസ്.എസ്.എ | | 1770 | 67 | 1837 | 0 | 1837 |
| ഐ.സി.ഡി.എസ്. | | 795490 | 1000994 | 1796484 | 1062712 | 733772 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ | | 343275 | 1558984 | 1902259 | 305801 | 1596458 |
| കേരളോൽസവം | | 0 | 20000 | 20000 | 20000 | 0 |
| വിമുക്തി | | 25000 | 12500 | 37500 | 35800 | 1700 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1677375 | 1677375 | 1507375 | 170000 |
| | ജില്ലാ പഞ്ചായത്ത് | 0 | 326250 | 326250 | 326250 | 0 |
| ബി ഫണ്ട് | | | 411440 | 411440 | 411440 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് ** | 14639552 | 8068500 | 22708052 | 2062554 | 20645498 |
| | ട്രഷറി അക്കൗണ്ട് | * | 10365000 * | * | | * |

| | | | | | |
|---|---|---|---|---|---|
| മറ്റിനം ( ഇ -മണൽ) | 11984 | 0 | 11984 | 178 | 11806 |

*.ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2017-18 വർഷം 10365000/--രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ,അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗ വിവരം ലഭ്യമല്ല.

** അക്കൌണ്ട് പ്രകാരമുള്ളമുള്ള വിവരങ്ങളാണ് കാണിച്ചിട്ടുള്ളത്. തനത് ഫണ്ട് ബാങ്ക് അക്കൌണ്ടിൽ തനത് ഫണ്ട് അല്ലാത്ത് മറ്റ് ഫണ്ടുകളും നിക്ഷേപിച്ചിട്ടുള്ളതിനാൽ കൃത്യമായ തനത് ഫണ്ടുകളുടെ വിവരം ലഭ്യമല്ല.

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 13 | 7294668 | 5892191 | 80.77 |
| കൃഷി ഓഫീസർ | 6 | 6 | 3460500 | 3376688 | 97.58 |
| വെറ്റിനറി സർജൻ | 6 | 6 | 4772227 | 3898477 | 81.69 |
| വി.ഇ.ഒ | 10 | 8 | 2721887 | 1345000 | 49.41 |
| അസി.എഞ്ചിനിയർ | 104 | 68 | 37955559 | 20285984 | 53.44 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 6417376 | 5369651 | 83.67 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 4 | 4 | 1061600 | 686529 | 64.7 |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| അസി.സെക്രട്ടറി | 7 | 7 | 421150 | 379930 | 90.21 |
| ഹെഡ് മാസ്റ്റർ | 6 | 6 | 457750 | 367655 | 80.32 |
| ആകെ | 168 | 126 | 65312708 | 42352105 | 64.84 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറല്‍ | 16367581 | 13024777 | 79.58 |
| എസ്.സി.പി | 1350000 | 812436 | 60.18 |
| ടി.എസ്.പി | 15000 | 14994 | 99.96 |
| ധനകാര്യകമ്മീഷന്‍ ഗ്രാന്റ് | 11080686 | 7049753 | 63.62 |
| ലോകബാങ്ക് ധനസഹായം | 950000 | 950000 | 100 |
| കേന്ദ്രാവിഷ്കൃതം | 3788037 | 1347712 | 35.58 |
| സംസ്ഥാനാവിഷ്കൃതം | 93750 | 0 | 0 |
| തനത് ഫണ്ട് | 6581595 | 3700020 | 56.22 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2207375 | 1507375 | 68.29 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3676250 | 326250 | 8.87 |
| സംരക്ഷണഗ്രാന്റ് റോഡ് | 11227066 | 8034528 | 71.56 |
| സംരക്ഷണഗ്രാന്റ് (നോണ്‍റോഡ്) | 4915050 | 3190218 | 64.91 |

| | | | |
|---|---|---|---|
| മറ്റുള്ളവ | 3060318 | 2394042 | 78.22 |
| ആകെ | 65312708 | 42352105 | 64.84 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിയിൽ 2017-18 വർഷം മരാമത്ത് ഒഴികെയുള്ള പ്രവൃത്തികളിൽ ഗ്രാമ പഞ്ചായത്തിന് പുരോഗതി കൈവരിക്കാൻ സാധിച്ചുണ്ട്. ആകെ അംഗീകാരം ലഭിച്ച 168 പ്രൊജക്ടുകളിൽ 126 എണ്ണം നടപ്പിലാക്കി.

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ ചെലവഴിക്കുന്നകാര്യത്തിൽ പൊതുവെ നല്ല പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ എസ്.സി.പി.ഫണ്ടിന്റെ 65% മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ.ഇക്കാര്യം പരിശോധനാ വിധേയമാക്കി ഭാവിയിൽ എസ്.സി.പി.ഫണ്ടിന്റെ വിനിയോഗം മെച്ചപ്പെടുത്തേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലയെന്നത് പോരായ്മയാണ്.നടപ്പാക്കുവാൻ ഉദ്ദേശിച്ച പ്രൊജക്ടുകളുടെ ബാഹുല്യവും ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്ത സ്ഥിതിയും ഒരു പരിധിവരെ ഇതിന് കാരണമായി.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 65312708 | 126 | 42352105 | 48 | 42 | 67 |

ജി..ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.ഇതനുസരിച്ച് പഞ്ചായത്തിൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഫലപ്രദമായി നടന്നില്ലെന്ന് മിനിട്സ് പരിശോധിച്ചപ്പോൾ കാണാനായി.ആകെ ഒരു തവണ മാത്രമേ യോഗ തീരുമാനം എഴുതി ചേർത്തിട്ടുള്ളൂ. ബാക്കി യോഗങ്ങളിൽ വെറും പേരും ഒപ്പും മാത്രമേ ഉള്ളൂ. എന്തൊക്കെ വിഷയങ്ങളിൽ സമിതിയുടെ ഇടപെടലുകൾ ഉണ്ടായെന്ന് വ്യക്തമല്ല. സമിതി അംഗങ്ങളുടെ പട്ടിക ഫോറം 1 ൽ തയ്യാറാക്കി നടപടി ക്രമം ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടുമില്ല. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി

ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം. ആയതിനാൽ സമിതിയുടെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ ആവേണ്ടതായുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

പഞ്ചായത്തിൽ അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗങ്ങളുടെ പട്ടിക നിശ്ചിത മാതൃകയിൽ (അനുബന്ധം 2)തയ്യാറാക്കി ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. ദാരിദ്ര്യലഘൂകരണം, മൃഗസംരക്ഷണം, പട്ടിക ജാതി വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടരീതിയിൽ നടന്നിട്ടില്ല എന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രൊജകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി ഒരിക്കൽ പോലും യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രൊജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1056 | 919751 | 920807 | 919137 | 1670 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12372884 | 12372884 | 12372884 | 0 |
| 100 ദിനം പൂർത്തീകരിച്ചതിനുള്ള പ്രതിഫലം | 0 | 9000 | 9000 | 9000 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64,440 | 113 |
| കർഷകതൊഴിലാളി പെൻഷൻ | 83,06,700 | 710 |
| വിധവാപെൻഷൻ | 1,13,02,600 | 959 |
| വാർദ്ധക്യകാലപെൻഷൻ | 2,45,67,800 | 2003 |
| വികലാംഗപെൻഷൻ | 39,79,400 | 333 |
| 50വയസ്സ്തികഞ്ഞ അവിവാഹിത പെൻഷൻ | 14,39,800 | 123 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 19,076 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണസംവിധാനവും കാര്യക്ഷമമായ രീതിയിൽ നടക്കുന്നതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് കാലയളവിൽ ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുകയും യോഗത്തിൽ ഉദ്യോഗസ്ഥരുടെ ജോലി പുരോഗതിയും പഞ്ചായത്ത് നൽകിവരുന്ന സേവനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും പദ്ധതി ചെലവ് പുരോഗതിയും നികുതി പിരിവിന്റെ പുരോഗതിയും അവലോകനം ചെയ്യുന്നുണ്ട്. എന്നിരുന്നാലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം പ്രത്യേകിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. വിശദമായ ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. എന്നിരുന്നാലും ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതായുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി കുറ്റമറ്റ രീതിയിൽ സൂക്ഷിക്കാത്തത് പോരായ്മയായി കാണുന്നു.പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം

ലഭ്യമാക്കുന്നുണ്ടെന്നും ഫയലുകൾ തീർപ്പ് കൽപ്പിക്കപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതായുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്ന് ഉറപ്പുവരുത്തുന്നതിന് പ്രസിഡണ്ട് ചെയർമാനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതുണ്ടെങ്കിലും ഇപ്രകാരം നടന്നിട്ടില്ല.ഇക്കാര്യം പരിശോധനാ വിധേയമാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ)പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഓഫീസിന്റെ ആന്തരിക സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ, ഫ്രണ്ട് ഓഫീസ് നടത്തിപ്പ്, നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ,ഓഫീസ് ചുമതലാ വിഭജനവും പ്രവർത്തനവും,സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരന്തര ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട രീതിയിലുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം പഞ്ചായത്തിൽ ഒരുക്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2018 | 31.07.2018 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2004 | 1997-98 മുതൽ 2003 -04 വരെ | 20.07.2004 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകങ്ങളിൽ പരിഹരിക്കാത്തവയും വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങളും ചുവടെ കൊടുക്കുന്നു.

1.2017-18 വർഷത്തെ വസ്തുനികുതി നികുതി സംബന്ധിച്ച് ഡിമാന്റ്,കലക്ഷൻ ,ബാലൻസ് സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2.വസ്തുനികുതി നികുതി കുടിശ്ശിക ഡിമാന്റ് 2016-17 വർഷത്തെ വാർഷിക കണക്ക് ബി.15 പ്രകാരം 560409/-രൂപയാണ്. കുടിശ്ശിക പിരിവ് 681845/-രൂപയാണ്. കുടിശ്ശിക ഡിമാന്റ്,കലക്ഷൻ പൊരുത്തപ്പെടുന്നില്ല.

3.മൂന്നുമാസത്തിലധികമായി പണമാക്കിമാറ്റാത്ത ചെക്കുകളുടെ വിവരം കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.ബാങ്ക് റിക്കൺസിലിയേഷൻ പത്രിക പ്രകാരം ഈ ഇനത്തിൽ ആകെ 8907/-രൂപയുടെ ചെക്ക് പണമാക്കിമാറ്റാൻ ബാക്കിയുണ്ട്.

4.ബാലൻസ് ഷീറ്റ് ബി11പത്രികയിൽ കാണിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ പരിശോധനക്കാവശ്യമായ രേഖകൾ ലഭ്യമല്ല.

5.സ്ഥിര നിക്ഷേപം നീക്കിയിരിപ്പ് തുക - വാർഷികകണക്കിലെ ബാലൻസ് ഷീറ്റിലെ തുകയും സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി- കാലഹരണപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർഷങ്ങൾ കഴിഞ്ഞിട്ടും ഡിമാന്റിൽ നിന്നും നീക്കം ചെയ്യപ്പെടുന്നില്ല.

2016-17 വർഷാവസാനവും 2017-18 വർഷത്തിൽ ആദ്യവും വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനായി നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ മിക്കതും കാലപ്പഴക്കത്താൽ നാലും അഞ്ചും വർഷങ്ങൾക്കുമുമ്പ് പൊളിഞ്ഞുപോയവയാണ്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | തപാൽ നമ്പർ |
|---|---|---|---|
| 1 | കെ.കമാലുദ്ദീൻ, പ്രസിഡന്റ്, അൽ മദ്രസ്സത്തു ഇസ്ലാമിയ | KP IV 487 | A3- 1660/17, 05-05-2017 |
| 2 | ചേണിച്ചേരി രയരോത്ത് മാധവിയമ്മ | KP XII 216 | A3- 1056/17, 02-03-2017 |
| 3 | വി വി മാധവി | KP VII 327-B | A3- 792/17, 16-02-2017 |

ഇതിൽ ക്രമ നമ്പർ 3 ലെ അപേക്ഷക നേരത്തെ മൂന്ന് തവണ നികുതി ഒഴിവാക്കപ്പെടുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊളിച്ചുമാറ്റപ്പെട്ടതും കാലപ്പഴക്കത്താൽ പൊളിഞ്ഞുപോയതുമായ കെട്ടിടങ്ങളുടെ വിവരം കെട്ടിട ഉടമയോ അതത്

വാർഡിന്റെ ചുമതലയുള്ള വാർഡ് ക്ലാർക്കുമാരോ റിപ്പോർട്ട് ചെയ്യുന്നില്ല. ഇതിന്റെ ഫലമായി എല്ലാ വർഷവും നിലവിലില്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒടുക്കേണ്ട സ്ഥിതി വരുന്നുണ്ട്. ആയത് ഒഴിവാക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 2-2 തൊഴിൽനികുതി അപാകങ്ങൾ

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സഹകരണ ബാങ്കുകളിലെ/സംഘങ്ങളിലെ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരായി ജോലി ചെയ്തുവരുന്നവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. (ഉദാ : പട്ടാന്നൂർ സർവ്വീസ് സഹകരണ ബാങ്ക്, കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, കുടാളി വനിതാ വില്ലേജ് സഹകരണ സംഘം). തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും നികുതി ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. ഡി &ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷത്തെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|
| 1 | സുദേവ് പി, പ്ലാസ്റ്റിക്ക് മോൾഡിംഗ് | 4 | 200/-, 11601106748/20-02-17 |
| 2 | ജിമ്മി കെ സി, റീന മെറ്റൽസ് - ഗ്രാനൈറ്റ് സ്റ്റോക്ക് ചെയ്ത് വില്പന | 4 | 2000/-, 11601107253/ 27-02-17 |
| 3 | കെ സി ജെയിംസ് - റീന റെഡിമിക്സ് കോൺക്രീറ്റ് പ്ലാന്റ് | 9 | 4000/-, 11601107257/ 27-02-17 |
| 4 | എം ദിവാകരൻ, ഹൈറോക്ക് ഇൻഡസ്ട്രീസ്- ജല്ലി നിർമ്മാണം, സ്റ്റോക്ക്, വില്പന | 2 | 2000/-, 11601107294/ 27-02-17 |
| 5 | തസ്ലീം ഇ, എം പി കെ ഫുഡ്സ്- ബേക്കറി ഉല്പന്നങ്ങൾ നിർമ്മാണം, വില്പന | 10 | 300/-, 117010100448/ 02-05-17 |
| 6 | റിലീഷ് കെ വി, മെഡിക്കൽ | 3 | 500/-, 117010100470/ |

| | | | |
|---|---|---|---|
| | ലാബ്-CMG ഡയഗണോസ്റ്റിക് സെന്റർ | | 03-05-17 |

സെക്രട്ടറി നാളിതുവരെയായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളോട് 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് പരിധിയിലെ ഒന്നിൽക്കൂടുതൽ പേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽനികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അപാകങ്ങൾ

1. കൂടാളി ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05-01-2018 ന് നടന്ന മീറ്റിംഗിലെ നികുതി പിരിവ് അവലോകനത്തിൽ (അജണ്ട 2, തീരുമാനം 2/18) പ്രസ്തുത തീയ്യതി വരെ ലൈസൻസ് ഫീയിനത്തിൽ 60,650/- രൂപ പിരിച്ചെടുത്തതായി വിലയിരുത്തിയിട്ടുണ്ട്. കച്ചവട സ്ഥാപനങ്ങളിൽ ഇനിയും ലൈസൻസ് ഫീയൊടുക്കാത്ത സ്ഥാപനങ്ങൾ ഒട്ടേറെയുള്ളതിനാൽ എത്രയും പെട്ടെന്ന് ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്തതായും മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തു പ്രവർത്തിക്കുന്ന എന്നും ഈ സ്ഥാപനങ്ങളിൽ നിന്നും 100% ലൈസൻസ് ഫീസ് പിരിച്ചെടുത്തിട്ടുണ്ട് എന്നും സെക്രട്ടറി ഉറപ്പുവരുത്തിയതിന്റെയും ആയതിന് സ്വീകരിച്ച നടപടികളുടെയും മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തു പ്രവർത്തിക്കുന്ന എന്നും വിശദമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2016-17 വർഷത്തേതിനേക്കാൾ ലൈസൻസ് അപേക്ഷകളും ലൈസൻസ് ഫീസും കൂടിയിട്ടുണ്ടെന്നും പരമാവധി ലൈസൻസ് ഫീസ് പിരിച്ചെടുത്തിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്ന എന്നുറപ്പുവരുത്തി വിവരം ലഭ്യമാ ക്കേണ്ടതാണ്.

2. ജീവശ്രീ ആക്ടിവിറ്റി ഗ്രൂപ്പ്, പോഷകാഹാര നിർമ്മാണം - 11601106452/ 15-02-17 നമ്പർ രശീത് പ്രകാരം 100/- രൂപ ലൈസൻസ് ഫീ ഈടാക്കി 2017-18 വർഷത്തിൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം കൂടാളി ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അംഗൻവാടിക്ക് പോഷകാഹാരം പദ്ധതി പ്രകാരം 14,74,197/- രൂപ ഈ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. സമീപ പഞ്ചായത്തുകളും അംഗൻവാടിക്ക് പോഷകാഹാരം പദ്ധതി നടപ്പിലാക്കുന്നതിന് ഈ സ്ഥാപനത്തിനെയാണ് ആശ്രയിക്കുന്നത് എന്നിരിക്കെ ഈ സ്ഥാപനത്തിന്റെ ദൈനംദിന വിറ്റുവരവ് പരിശോധിച്ചാണോ ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചതെന്ന് വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 25, തീയ്യതി. 01.10.2018) ജീവശ്രീ ആക്ടിവിറ്റി

ഗ്രൂപ്പ് എന്ന സ്ഥാപനത്തിൽ നിന്നും 2017-18 വർഷം ലൈസൻസ് ഫീ അഡ്വാൻസായി 11601106452/15-02-17 നമ്പർ രശീത് പ്രകാരം 100/- രൂപ ഈടാക്കിയത് അപേക്ഷയിൽ വിറ്റുവരവ് 3000/- രൂപ കാണിച്ചതു പ്രകാരവും മുൻവർഷങ്ങളിൽ ഈടാക്കിയതു പ്രകാരവുമാണ് എന്നാണ്. മറുപടി സ്വീകാര്യമല്ല. വാർഡ് ക്ലാർക്കുമാർ ലൈസൻസ് അപേക്ഷകളിൽ കൃത്യമായ അന്വേഷണം നടത്തുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. സ്ഥാപനത്തിന്റെ വരുമാന വിവരങ്ങൾ പരിശോധിച്ച് ലൈസൻസ് ഫീ ഈടാക്കിയതിൽ നഷ്ടം വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3. ലൈസൻസ് എടുക്കുന്നതിൽ കാലതാമസം - വൈകി കിട്ടുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ), നിലവിൽ (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിനുള്ളിലായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച 455 അപേക്ഷകളിൽ 45 എണ്ണം മാത്രമാണ് യഥാസമയം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കിയുള്ളവ മേൽ സമയക്രമം പാലിച്ചിട്ടില്ല. ലൈസൻസ് യഥാസമയം പുതുക്കാത്തവരിൽ നിന്നും ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കികൊണ്ട് ലൈസൻസ് പുതുക്കിനൽകുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഇപ്രകാരം അധിക ഫീസ് ഈടാക്കി പുതുക്കേണ്ടത് മേൽ ചട്ടങ്ങളിലെ പട്ടികIII, പട്ടികIV എന്നിവ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സംഗതികളിൽ മാത്രമാണ്. ചട്ടം(19, 22 കാണുക). പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടം 26 പ്രകാരം ചട്ടം ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതാണ്.

## 2-4 ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ്- അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി പ്രവർത്തനക്ഷമമാക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്.

ജനകിയാസൂത്രണ പദ്ധതിയിൽ 1997-98 കാലയളവിൽ കുടാളി അംശം കാവുന്താഴ ദേശത്ത് സർവ്വെ നം. 1/4 ൽപ്പെട്ട 1.5 ഏക്കർ സ്ഥലം ഗ്രാമപഞ്ചായത്ത് മിനി വ്യവസായ കേന്ദ്രം നിർമ്മിക്കുന്നതിന് വാങ്ങിയിരുന്നു. ഈ സ്ഥലത്ത് 2004-05 കാലയളവിൽ കിണർ. വർക്ക് ഷെഡ്ഡ് എന്നിവ പണികഴിപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലത്ത് എത്തിപ്പെടുന്നതിനുള്ള റോഡ് സൗകര്യം ഏർപ്പെടുത്തുവാൻ സാധികാത്തതിനാൽ വ്യവസായ എസ്റ്റേറ്റ് സംരംഭകർക്ക് ഏല്പിച്ചുകൊടുക്കുവാൻ നാളിതുവരെയായി സാധിച്ചിട്ടില്ല. അതുമൂലം വർഷങ്ങളായി ഈ സ്ഥലവും കെട്ടിടവും നിഷ്ക്രിയാസ്തിയായി കിടക്കുകയാണ്. തനത് ഫണ്ട് വളരെ കുറഞ്ഞ ഗ്രാമപഞ്ചായത്തിന് വരുമാനം ഉണ്ടാക്കുന്നതിന് സഹായകമായ ഒരു സംരംഭമായിട്ടും ഇതിൽ നിന്നും യാതൊരു വരുമാനവും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അക്വയർ

ചെയ്യുന്നതുമായി ബന്ധപ്പെട്ട് വർഷങ്ങളായി ശ്രമം നടക്കുന്നുണ്ടെങ്കിലും അതൊന്നും തന്നെ വിജയത്തിലെത്തിയിട്ടില്ല. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായത്ര സ്ഥലം വിട്ടുനൽകുന്നതിന് വ്യവസായ എസ്റ്റേറ്റിന് സമീപമുള്ള ഭൂവുടമകൾ തയ്യാറാകാത്ത സാഹചര്യത്തിൽ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ 20 സെന്റ് സ്ഥലം അക്വയർ നടപടികളിലൂടെ ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഇതിനുള്ള അനുമതി സ.ഉ(സാധാ) നം. 1514/18 ത.സ്വ.ഭ.വ തീയതി 2-6-2018 പ്രകാരം ലഭിച്ചിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് 2013 ലെ എൽ. എ. ആക്ട് അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച തുടർ നടപടി സത്വരമായി സ്വീകരിച്ച് റോഡ് നിർമ്മിക്കുന്നതിനും, വർഷങ്ങളായി നിഷ്ക്രിയാസ്തിയായി കിടക്കുന്ന വ്യവസായ പാർക്ക് പ്രവർത്തന സജ്ജമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 വാർഷിക ലേലം കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് 2017-18 ൽ വിവിധ ലേല വരവുകളിൽ ലഭിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ഡിമാന്റ് | കലക്ഷൻ | പിഴ പലിശ | ആകെ വരവ് |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ളക്സ് മുറികളുടെ വാടക | 2,82,145 | 2,82,145 | 16,174 | 2,98,319 |
| ഫല വൃക്ഷങ്ങളിൽ നിന്നുള്ള ആദായം ലേലം ചെയ്ത വക | 15730 | 15730 | ------- | 15730 |

മേൽ ഇനങ്ങൾ ലേലം ചെയ്യുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടക നിശ്ചയിച്ച് ലേലം ചെയ്യുന്നത് സംബന്ധിച്ച ബൈലോയിലെ വ്യവസ്ഥ 17 പ്രകാരം ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാതു മാസം അഞ്ചാം തീയതിക്കകം ഒടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ ഭൂരിഭാഗംപേരും പാലിക്കുന്നില്ല. പലിശ ഈടാക്കി തുക ഒടുക്കി വരികയാണ് ചെയ്തുവരുന്നത്. ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ തുക യഥാസമയം ഒടുക്കുവാൻ സാധികാത്തവരിൽ നിന്നും ഈടാക്കേണ്ടുന്നതാണ് പലിശ. ഭൂരിഭാഗം പേരും യഥാസമയം വാടക ഒടുക്കാതെ പലിശയോടെ തുക ഒടുക്കി വരുന്നത് ബൈലോ വ്യവസ്ഥയുടെ ലംഘനമാണ് ഇത് നിരുൽസാഹപ്പെടുത്തേണ്ടതാണ്. കരാർ കാലാവധി കഴിഞ്ഞ് പുനർലേലം നടത്തുന്ന സന്ദർഭത്തിൽ പുതുക്കിയ ഡെപ്പോസിറ്റിലും, വാടകയിലും ലേലം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. വാടകയ്ക്ക് മുറികൾ എടുത്തവർ വൈദ്യുതി, വെള്ളക്കരം എന്നിവ കുടിശ്ശികയില്ലാതെ ഒടുക്കിവരുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലെ എല്ലാ കെട്ടിടങ്ങളുടെയും വൈദ്യുതി കൺസ്യൂമർ നമ്പർ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ഓരോ മാസവും വൈദ്യുതി ചാർജ്ജിനത്തിൽ ലഭിക്കുന്ന ബില്ലിൽ വാടകയ്ക്ക് നൽകിയ മുറികളുടെ കൺസ്യൂമർ നമ്പർ ഉൾപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലെ വിവിധ സ്ഥലങ്ങളിലുള്ള ആദായം എടുക്കുന്ന ഫലവൃക്ഷങ്ങളുടെ വിവരം ഒരു സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്ത് വാഹന ഉപയോഗം - നിബന്ധനകൾ പാലിക്കേണ്ടതാണ്.

ജി.ഒ (എം.എസ്) 113/2003/ഫിൻ /24-02-03 പ്രകാരം കൺവേയൻസ് അലവൻസ് വാങ്ങുന്ന ഉദ്യോഗസ്ഥർ പ്രവർത്തനപരിധിക്കകത്ത് ഔദ്യോഗികവാഹനം ഉപയോഗിക്കരുത്. എന്നാൽ പഞ്ചായത്തിൽ നികുതി പിരിക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാർ നികുതിപിരിവ് പോലുള്ള ആവശ്യങ്ങൾക്കായി ഔദ്യോഗികവാഹനം പലപ്പോഴായി ഉപയോഗിക്കുന്നതായി ലോഗ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഔദ്യോഗികവാഹനത്തിന്റെ ഇത്തരത്തിലുള്ള ദുരുപയോഗം കർശനമായും ഒഴിവാക്കേണ്ടതാണ്. ഉത്തരവാദപ്പെട്ടവരുടെ അനുമതിയോടെ ഉപയോഗിക്കുകയാണെങ്കിൽ ആനുപാതികതുക അലവൻസിൽ കുറവ് വരുത്തേണ്ടതാണ്.

ഔദ്യോഗികവാഹനം ഉപയോഗിച്ചുള്ള മുഴുവൻ യാത്രകളും നിയമാനുസൃതമാണെന്നന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ലോഗ്ബുക്കിൽ യാത്രകളൊന്നും തന്നെ കൺട്രോളിംഗ് ഓഫീസറായ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

ജി.ഒ .(എം.എസ്) 170/07 ത.സ്വ.ഭ.വ 30-06-07 പ്രകാരം വാഹനത്തിന്റെ ഇന്ധനടാങ്കിൽ ഇന്ധനംനിറയ്ക്കുന്നത് കസ്റ്റോഡിയൻ ഓഫീസറുടേയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടേയോ സാന്നിധ്യത്തിൽ ആയിരിക്കേണ്ടതാണ്. കൂടാതെ ഫുൾടാങ്ക് ഇന്ധനം നിറക്കേണ്ടതാണ്. ഈ രണ്ട് നിബന്ധനകളും ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ലെന്ന് ലോഗ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

സർക്കുലർ നമ്പർ 41/2008/ധനം 02/08/2008 പ്രകാരം തൻമാസത്തെ ഇന്ധനഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തകുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇത്തരം രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

വാഹനഉപയോഗം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതും വാഹനം ഔദ്യോഗിക ആവശ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കുന്നുള്ളുവെന്നും ഉറപ്പുവരുത്തേണ്ടത്

കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്.

## 3-2 സ്ഥിര നിക്ഷേപം - പലിശയിനത്തിൽ കുറവ് വരുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പേരിലുള്ള കനറാ ബാങ്കിലെ 961596നം സ്ഥിരനിക്ഷേപം സർട്ടിഫിക്കറ്റ് പ്രകാരം നിക്ഷേപ തുക 14.02.2018 തീയ്യതിയിൽ കാലാവധിയെത്തിയപ്പോൾ 2 വർഷത്തെ പലിശ ഉൾപ്പെടെ ലഭിക്കേണ്ട തുക 235726/-രൂപയായിരുന്നു. എന്നാൽ സ്ഥിരനിക്ഷേപം പലിശ സഹിതം 14.02.2018 തീയ്യതി പ്രാബല്യത്തിൽ വീണ്ടും രണ്ട് വർഷത്തേക്ക് പുതുക്കി നിക്ഷേപിച്ചപ്പോൾ നിക്ഷേപ സർട്ടിഫിക്കറ്റിൽ തുക 228793/-രൂപയായി കുറഞ്ഞു.6933/-രൂപ സർട്ടിഫിക്കറ്റിൽ ബാങ്ക് കുറവ് വരുത്തിയാണ് നൽകിയത്. 14.02.2014 തീയ്യതിയിൽ 174600/- രണ്ട് വർഷത്തേക്ക് നിക്ഷേപിച്ച് 14.02.2016 തീയ്യതിയിൽ കാലാവധിയെത്തിപ്പോഴും ഇതുപെലെ 6642/-രൂപ കുറവ് വരുത്തി ബാക്കി തുകയാണ് നൽകിയത്. നിക്ഷേപ തുകയിൽ ഇപ്രകാരം ബാങ്ക് കുറവുവരുത്തുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നതിന് 03.10.2018ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി ഒരു വർഷം 10000/-രൂപക്ക് മുകളിൽ പലിശ ലഭിക്കുമ്പോൾ ടി.ഡി.എസ് ആയി ആദായ നികുതി ഈടാക്കിയതാണെന്നാണ്. ഇത് സംബന്ധിച്ച് വിശദമായ മറുപടിക്ക് ബാങ്കിന് കത്ത് എഴുതിയിട്ടുണ്ട് എന്നും അറിയിക്കുകയുണ്ടായി. മറ്റ് സഹകരണ ബാങ്കുകൾ സ്ഥിര നിക്ഷേപത്തിന് ഇപ്രകാരം ആദായ നികുതി കുറവ് ചെയ്ത് പലിശ യിനത്തിൽ കുറവ് വരുത്തുന്നില്ല. ഇക്കാര്യം പരിശോധനാ വിധേയമാക്കി സ്ഥിര നിക്ഷേപ പലിശയിനത്തിൽ വന്നുകൊണ്ടിരിക്കുന്ന കുറവ് പരിഹരിക്കുവാനുതകുന്നരീതിയിൽ നടപടികൾ ഉടനെ കൈക്കൊള്ളേണ്ടതാണ്.

## 3-3 ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്തവർക്ക് അനർഹമായി ആനുകൂല്യം നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്ട്. നം - 58/18

പ്രൊജക്ട് - പച്ചക്കറി വികസനം - കൂലിച്ചെലവ് ധനസഹായം

ബിൽ. നം.9/16.03.2018 - 127500/- (ഗ്രാമ പഞ്ചായത്ത് വിഹിതം)

ചെക്ക് നം.1168092/26.03.2018 - 26250/- (ബ്ലോക്ക് വിഹിതം)

17.03.2018 - 26250/- (ജില്ലാ പഞ്ചായത്ത് വിഹിതം)

2017-18 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പച്ചക്കറി കൃഷി കൂലിച്ചെലവിന് ധനസഹായം എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ അപാകങ്ങൾ കാണുന്നു.

പ്രൊജക്ടിന്റെ ഗുണഭോക്താക്കളായി 115 പേരെ ഗ്രാമസഭ മുഖേന തെരഞ്ഞടുക്കുകയുണ്ടായി.എന്നാൽ അർഹരായ ഗുണഭോക്താക്കൾ ആവശ്യത്തിന് തികയാതെ

വന്നതിനാൽ 01.02.2018 തീയ്യതിയിൽ ചേർന്ന ഒന്നാം വാർഡിലെ ഗ്രാമസഭയിൽ നിന്നും 15 പേരെ വീണ്ടും തെരഞ്ഞെടുക്കുകയുണ്ടായി.തെരഞ്ഞെടുത്തവരുടെ ലിസ്റ്റ് 28.02.2018 തീയ്യതിയിൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി 43/18 നം തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. അംഗീകരിച്ച ലിസ്റ്റിന്റെ പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പരിശോധനയിൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച ഏതാനും പേർ ആദ്യം തയ്യാറാക്കിയ ലിസ്റ്റിലോ പിന്നീട് തയ്യാറാക്കിയ അഡീഷണൽ ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ല. അതേ സമയം അഡീഷണലായി തെരഞ്ഞെടുത്ത ഒന്നാം വാർഡിലെ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതായും കാണുന്നില്ല. താഴെ പറയുന്നവർ ഗ്രാമസഭ തെരഞ്ഞെടുത്ത പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1.അർജ്ജുൻ.ടി.എം,ആരാധന,ചിത്രാരി,പട്ടാന്നൂർ

2.ലക്ഷ്മി.കെ, ലക്ഷ്മി നിവാസ്.കോവൂർ,പട്ടാന്നൂർ

3.വിജയൻ.പി.കെ, ജ്യോതി നിവാസ് ,കോവൂർ,പട്ടാന്നൂർ.

4.ചിത്ര.സി. കുളിക്കണ്ടിൽ ഹൌസ്, കോവൂർ,പട്ടാന്നൂർ

ഇവർക്ക് മേൽ കാണിച്ച ബില്ലുകൾ പ്രകാരം സബ്സിഡി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ |
|---|---|---|---|---|---|
| 1 | അർജ്ജുൻ.ടി.എം, | 1700 | 350 | 850 | 2900 |
| 2 | ലക്ഷ്മി.കെ | 3400 | 700 | 1700 | 5800 |
| 3 | വിജയൻ.പി.കെ | 3400 | 700 | 1700 | 5800 |
| 4 | ചിത്ര.സി. | 2040 | 420 | 1020 | 3480 |

ഇവർ ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷകളോ അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്ന മറ്റ് രേഖകളോ ഹാജരാക്കിയിട്ടില്ല. അനർഹമായി നൽകിയ 17980/- (2900+5800+5800+3480) ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രൊജക്റ്റ് ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ നിർവ്വഹണത്തിൽ പല അപാകങ്ങളും കാണുകയുണ്ടായി. മറ്റ് ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളിലെ വിവരങ്ങൾ പലതും അപൂർണ്ണമാണ്. അപേക്ഷകളിൽ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ, ലഭിച്ച മാർക്ക് വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളോ വാർഡ് മെമ്പറോ അപേക്ഷകൾ പരിശോധിച്ചിട്ടില്ല. കൃഷി ചെയ്ത സ്ഥലം അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്വന്തമായി കൃഷി ഭൂമിയില്ലാത്ത വ്യക്തികൾ അവർ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഉടമസ്ഥനിൽ നിന്നും സ്ഥലം വിട്ടുതരുന്നതിന് വാങ്ങിച്ച സമ്മതപത്രത്തിലെ വിവരങ്ങൾ പൂർണ്ണമല്ല. പ്രൊജക്റ്റ് മോണിറ്ററിംഗ് നടന്നിട്ടില്ല.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല്ലാത്തവർക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ചും മറ്റുള്ള എല്ലാ അപാകങ്ങൾക്കും മറുപടി നൽകുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5തീയ്യതി.26.09.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച് ജി.ഒ(പി)181/98തസ്വഭവ തീ.02.09.1998ലെ നിബന്ധനകളും മറ്റ് വ്യവസ്ഥകളും പാലിക്കാത്തതിനാലും മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിലും ചെലവഴിച്ച ബാക്കി തുക (180000 – 17980) 162020 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സമഗ്ര നെൽകൃഷി വികസനം -പ്രൊജക്റ്റ് നടപ്പിലാക്കിയത് മാനദണ്ഡങ്ങൾ പാലിക്കാതെ - 7,71,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്റ്റ്. നം - 57/18
അടങ്കൽ – 2106000/- രൂപ

പ്രൊജക്റ്റ് - സമഗ്ര നെൽകൃഷി വികസനം

ബിൽ. നം.2/06.01.2018 - 340000/- (വികസന ഫണ്ട്)

ബിൽ. നം.10/16.03.2018 - 425000/- (ജില്ലാ പഞ്ചായത്ത് വിഹിതം – 212500, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 212500)

ചെക്ക് നം.10241/09.03.2018 - 1500/- (ഗുണഭോക്തൃ വിഹിതം)

ബിൽ. നം.5/09.03.2018 - 4500/- (വികസന ഫണ്ട്)

പഞ്ചായത്ത് പ്രദേശത്ത് 50 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ വിത്ത്, കുമ്മായം, സൂഡോമോണാസ് എന്നിവ വിതരണം ചെയ്യുന്നതിനും കൂലി ചെലവിന് സബ്സിഡി നൽകുന്നതിനുമാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മേൽ പറയുന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ ഒട്ടേറെ അപാകങ്ങൾ കാണുന്നു.

പ്രൊജക്റ്റ് തയ്യാറാക്കിയത് വിത്ത്, കുമ്മായം, സൂഡോമോണാസ് എന്നിവ കൃഷി ഭവൻ

മുഖേന കർഷകർക്ക് നേരിട്ട് വിതരണം ചെയ്യുവാനാണ്. ഇതിൽ വിത്ത്, സ്യൂഡോമോണാസ് എന്നിവ കൃഷി ഭവൻ നേരിട്ട് വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്. കുമ്മായം പെർമിറ്റ് മുഖേന റെയ്ഡ് സപ്ലൈ ചെയ്യുകയും ചെയ്തതായി കാണുന്നു.

ആനുകൂല്യങ്ങൾ കർഷകർക്ക് നേരിട്ട് വിതരണം ചെയ്യുവാനുദ്ദേശിച്ച് തയ്യാറാക്കിയ പ്രൊജക്ടിന് ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതായി കാണുന്നില്ല. വിത്ത്, കുമ്മായം, സ്യൂഡോമോണാസ് എന്നിവ കർഷകർക്ക് നേരിട്ട് നൽകാതെ പാടശേഖരസമിതിക്ക് നൽകുകയാണ് ചെയ്തത്. എന്നാൽ പ്രൊജക്ടിൽ പാടശേഖരസമിതിക്ക് ആനുകൂല്യം നൽകുവാനോ സമിതി മുഖാന്തിരം വിതരണം ചെയ്യാനോ ഒന്നും പറയുന്നില്ല. കർഷകർക്ക് വിത്ത്, കുമ്മായം, സ്യൂഡോമോണാസ് എന്നിവ ലഭിച്ചതായ ഒരു രേഖയും സൂക്ഷിച്ചിട്ടില്ല.

കൃഷിഭവൻ മുഖേന കർഷകർക്ക് നേരിട്ട് ആനുകൂല്യം വിതരണം ചെയ്യുവാനുദ്ദേശിച്ച് തയ്യാറാക്കിയ പ്രൊജക്ടിന് ഗുണഭോക്താക്കളെ ഗ്രാമ സഭവഴി തെരഞ്ഞെടുക്കാതിരുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്നും ഇവരുടെ അർഹത ഏത് രീതിയിലാണ് പരിശോധിച്ചത് എന്നും സംബന്ധിച്ച് വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പ്രൊജക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ആനുകൂല്യങ്ങൾ അർഹരായ കർഷകർക്ക് തന്നെ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താതെയുമാണ് പ്രൊജക്ട് നടപ്പിലാക്കിയത്. ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച് ജി.ഒ(പി)181/98തസ്വഭവ തീ.02.09.1998ലെ നിബന്ധനകളും മറ്റ് വ്യവസ്ഥകളും പാലിച്ചതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6 തീയ്യതി.27.09.2018)മറുപടി ലഭ്യമാക്കാത്തതിനാൽ മൊത്തം ചെലവഴിച്ച 7,71,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രൊജക്ട് നടത്തിപ്പും വികസന കാര്യ സ്റ്റാൻറിംഗ് കമ്മറ്റിയും

2017-18 കാലയളവിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 130/17-18 | പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 1.18,350 (പദ്ധതി വിഹിതം)<br>1.18,350 (ഗുണഭോക്തൃ വിഹിതം) |

| | | |
|---|---|---|
| 131 /17-18 | ക്ലീൻ കൂടാളി പ്ലാസ്റ്റിക്ക് ശേഖരണ സംസ്കരണപദ്ധതി | 10,800 (തനത് ഫണ്ട്) |
| 140 /17-18 | പി.എം.എ വിഹിതം<br>നൽകൽ | 1,20,000( പദ്ധതി വിഹിതം) |
| 146/17-18 | ലൈഫ് ഭവനനിർമ്മാണം<br>പട്ടിക ജാതി | 90,000 ( പദ്ധതി വിഹിതം) |
| 147 /17-18 | പട്ടിക ജാതിക്കാരുടെ വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ | 1,50,000( പദ്ധതി വിഹിതം) |
| 152/17-18 | വിട്ടുക്കിട്ടിയ സ്ഥാപനങ്ങളിലും അംഗൻവാടികളിലും വേസ്റ്റ്ബിൻ സ്ഥാപിക്കൽ | 1,52,500 ( പദ്ധതി വിഹിതം) |
| 161 /17-18 | പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 75,000 (പദ്ധതി വിഹിതം) |
| 175/17-18 | ലൈഫ് മിഷൻ പൂർത്തീകരിക്കൽ (ജനറൽ) | 5,10,000 (ബ്ലോക്ക് വിഹിതം) |

മേൽ പ്രൊജക്ടുകളെല്ലാം നിർവ്വഹിച്ചിട്ടുണ്ട് .നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച രേഖകളെല്ലാംതന്നെ ചിട്ടയോടെ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഓഡിറ്റ് അന്വേഷണകുറിപ്പുകൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിൽ വർക്കിംഗ് ഗ്രൂപ്പുകളും, സ്റ്റാന്റിംഗ് കമ്മറ്റികളും നിർണ്ണായക പങ്ക് വഹിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും. പദ്ധതികളുടെ വിവിധ ഘട്ടത്തിലെ നടത്തിപ്പ് സംബന്ധിച്ച് കാര്യക്ഷമമായചർച്ചകളൊന്നും നടക്കുന്നതായി കാണുന്നില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥന്മാർ മുഖേനയുള്ള പ്രോജക്ടുകളുടെ നടത്തിപ്പിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്താൻ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കും, സ്റ്റാന്റിംഗ് കമ്മറ്റികൾക്കും സാധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി കൂടി പ്രവർത്തിക്കേണ്ടതാണ്.

## 3-6 ഭവന നിർമ്മാണം ഭവന പുനരുദ്ധാരണം പ്രോജക്ടിൽ ആനുകൂല്യം

ലഭിച്ചവർ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്

സമൂഹത്തിൽ സാമ്പത്തികമായും,സാമൂഹ്യമായും പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണം നടത്തുന്നതിനായി ആരംഭിച്ച പ്രോജക്ടാണ് ലൈഫ് ഭവന പദ്ധതി. വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഘട്ടം ഘട്ടമായി ആനുകൂല്യങ്ങൾ നൽകിവരുകയാണ്. 2017-18 വർഷത്തിൽ ലൈഫ് ഭവന നിർമ്മാണം പൂർത്തീകരണം പട്ടികജാതി പ്രോജക്ട് നം, 146/17-18 പ്രകാരം 3 ഗുണഭോക്താകൾക്കും, ലൈഫ് ഭവന നിർമ്മാണം പൂർത്തീകരണം ജനറൽ പ്രോജക്ട് നം. 175/17-18 പ്രകാരം 4 ഗുണഭോക്താകൾക്കുമാണ് ആനുകൂല്യം നൽകിയിരുന്നത്. പ്രസ്തുത പ്രോജക്ടിൽ പട്ടിക ജാതി വിഭാഗത്തിൽ 2 ഗുണഭോക്താവും, ജനറൽ വിഭാഗത്തിൽ 3 ഗുണഭോക്താവും ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ലൈഫ് ഭവന നിർമ്മാണം ഒന്നാംഘട്ടമായി തെരഞ്ഞെടുത്ത ഗുണഭോക്തൃ പട്ടികയിലുള്ളവർക്കാണ് ആദ്യഘട്ടത്തിൽ ആനുകൂല്യം നൽകിയിട്ടുള്ളത്. ലൈഫ് ഭവന നിർമ്മാണപദ്ധതി രണ്ടാംഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ള 40 ഉം, ഭൂരഹിതരായവരിൽ 25 ഉം ഗുണഭോക്താക്കളാണുള്ളത്. 2017-18 ൽ ലൈഫ് രണ്ടാംഘട്ടത്തിലുള്ള ഗുണഭോക്താക്കൾക്കായി പ്രോജക്ടുകളൊന്നും നടപ്പാക്കുകയുണ്ടായില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2006-07 മുതലുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണംപൂർത്തികരിക്കാൻ അവശേഷിച്ചിരുന്നു. ഈ ഗുണഭോക്താകൾക്കെല്ലാം ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകാൻ സാധിച്ചിട്ടില്ല. സർക്കാർ സഹായത്തോടൊപ്പം സ്വന്തമായി ഫണ്ട് കണ്ടെത്താൻ ഈ ജനവിഭാഗത്തിന് സാധിക്കുന്നില്ല. ചില സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ ചില ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കിവരുന്നുണ്ട്.

ലൈഫ് ഭവന നിർമ്മാണ ഗുണഭോക്താക്കളെ സഹായിക്കുന്നതിന് ലൈഫ് പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ. (എം.എസ്) 151/2017/ തസ്വഭവ തീയതി, 31-7-2017 പ്രകാരം ഭവനനിധി എന്ന പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ച് ഫണ്ട് സ്വരൂപിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് കേരള ഗ്രാമീൺ ബാങ്ക് എടയന്നൂർ ശാഖയിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഫണ്ട്കളൊന്നും തന്നെ സ്വരൂപിക്കാൻ സാധിച്ചിട്ടില്ല. രണ്ടാംഘട്ട ലൈഫ് ഗുണഭോക്തൃപട്ടികയിൽ ആശ്രയ വിഭാഗത്തിൽപ്പെട്ട രണ്ട് പേർ ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് ഒന്നും രണ്ടും ഘട്ട ഗുണഭോക്തൃപട്ടികയിലെ എല്ലാ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി ആനുകൂല്യം ലഭിക്കുന്ന വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, ആനുകൂല്യം കൈപ്പറ്റിയവർ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ജി,എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന് മുമ്പ് കരാറുകാർ ജി. എസ്. ടി രജിസ്ട്രേഷൻ എടുത്ത് തുക ഒടുക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്

മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക കണകാക്കിയതിനോടൊപ്പം ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ 3% തുകകൂടി ഉൾപ്പെടുത്തിയതായി കാണുന്നു. CE /R&B/

PRICE/6725/2015 DATED 10-4-17 സർക്കുലർ പ്രകാരം ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് വർക്കുകളുടെ പ്രവൃത്തിബില്ലിൽ ജി.എസ്.ടി നഷ്ടപരിഹാരമായി 3% തുക ഉൾപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ ടെണ്ടർ അധികം/കുറവ് വരുത്തിയ ശേഷം ലഭിക്കുന്ന തുകയോടൊപ്പം ജി.എസ്.ടി കോമ്പൻസേഷൻ ശതമാനകണക്കിൽ അധികമായി കൂട്ടി നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ആവശ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികമായി വരുന്ന തുക ടെണ്ടർ സേവിംഗ്സ്, തനത് ഫണ്ട്, ഈ വർഷം നടപ്പാക്കാൻ കഴിയില്ലെന്ന് കണ്ടെത്തിയ പ്രോജക്ടുകളുടെ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ( സ.ഉ (അച്ചടി) നം. 87/2017 തസ്വഭവ തീയതി 01-11-2017) ഈ വിധം ജി.എസ്.ടി കോമ്പൻസേഷൻ തുക കണക്കാക്കിയ മരാമത്ത് പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് നം, 74/18

കൊളപ്പ മുട്ടേരി റോഡ് റീടാറിംഗ്

എസ്റ്റിമേറ്റ് തുക- ₹ 5,00,000

എം.ബുക്ക് നം. 03/17-18

ബിൽ നം. 57/17-18- 1,50,000 തീയതി, 15-3-2018

ബിൽ നം. 58/ 17-18 3,37,702 തീയതി, 15-3-2018

ഈ പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം ₹ 4,87,702

3% ജി.എസ്.ടി കോമ്പൻസേഷൻ ₹ 14,631

ആകെ തുക ₹ 5,02,333

2. പ്രോജക്ട് നം, 157/18

പട്ടാനൂർ യു.പി.സ്കൂൾ ചുണ്ടോൽ റോഡ് ടാറിംഗ്

എസ്റ്റ്മേറ്റ് തുക- ₹ 1,50,000

എം.ബുക്ക് നം. 38/17-18

ബിൽ നം. 62/17-18- 1,49,602തീയതി, 17-3-2018

ഈ പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം ₹ 1,49,602

3% ജി.എസ്.ടി കോമ്പൻസേഷൻ ₹ 4488

ആകെ തുക ₹ 1,54,090

മേൽ പ്രവൃത്തികളുടെ ബിൽ തുക നൽകിയതിൽ പ്രോജക്ടിൽ വകയിരുത്തിയ ഫണ്ട് ഉപയോഗിച്ച് ജി.എസ്.ടി കോമ്പൻസേഷൻ തുക നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത തുക തനത് ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ട് ഉപയോഗപ്പെടുത്തി കരാറുകാർക്ക് നൽകാൻ വ്യവസ്ഥ

ചെയ്തിട്ടുണ്ട്. ബില്ലിൽ പ്രോവിഷൻ ഉൾപ്പെടുത്തിയതു പ്രകാരം ഭാവിയിൽ ഈ തുകനൽകുന്നതിന് മുമ്പ് കരാറുകാർ പ്രസ്തുത പ്രവൃത്തിക്ക് ബാധകമായ ജി.എസ്.ടി തുക ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 ടെണ്ടർ ബിലോ ഇനത്തിൽ കുറവ് ചെയ്യാനുള്ള ₹3185 രൂപ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്

പ്രൊജക്ട് നം. S0052/18

നാലുപെരിയ ശ്മശാനം ചുറ്റുമതിൽ ബാലൻസ് പ്രവൃത്തി

എസ്റ്റിമേറ്റ് തുക-3,20,000

ബിൽ നം. 35/17-18 തീയതി, 06-01-2018- ₹ 3,18,549

----------

ആകെ- ₹ 3,18,549

എം, ബുക്ക് നം. 65/16-17,

കരാറുകാരൻ -ശ്രീ. പി.പി.ശശികുമാർ

ടെണ്ടർ നിരക്ക്- 1% കുറവ്

എഗ്രിമെന്റ് നം. AE /LSGD/KDLY /62/16-17 dt 23-3-2017

ഈ പ്രവൃത്തിക്ക് രണ്ട് കരാറുകാരാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ശ്രീ. ശശികമാർ .പി.പി എന്നവർ എസ്റ്റിമേറ്റ് തുകയുടെ 1% കുറവിലും, ശ്രീ. കെ. പുരുഷോത്തമൻ എന്നവർ എസ്റ്റിമേറ്റ് തുകയുടെ 10% അധികത്തിലുമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. 1% കുറവ് രേഖപ്പെടുത്തിയ ശ്രീ. ശശികുമാർ എന്നവരുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ 1% ടെണ്ടർ കുറവ് ഈടാക്കാതെയാണ് ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ആകെ പ്രവൃത്തി മൂല്യം | റിക്കവറി തുക ആകെ | നൽകിയ തുക |
|---|---|---|
| ₹ 3.18,549 | 19,112 | ₹ 2,99,437 |

ആകെ പ്രവൃത്തി മൂല്യമായ ₹ 3,18,549 രൂപയിൽ നിന്നും ടെണ്ടർ കുറവായ 1% തുക ₹

3185 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

## 3-9 ഇ-ടെണ്ടർ ഫീയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹ 29732 രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല,

| ക്രമ നം. | പ്രൊജക്റ്റ് നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ |
|---|---|---|---|
| 1 | 70 /18 | കരിമ്പന വയൽ വായാട്ട് റോഡ് കോൺക്രീറ്റിംഗ് | 1000 |
| 2 | 74/28 | കൊളപ്പ മൂടേരി റോഡ് റീ ടാറിംഗ് | 2400 |
| 3 | 76/18 | പാളാട് ഇല്ലത്തുതാഴെ റോഡ് ടാറിംഗ് | 1200 |
| 4 | 77/18 | കൊടോളിപ്രം എൽ.പി.സ്കൂൾ പുൽപ്പക്കരി റോഡ് ടാറിംഗ് | 1000 |
| 5 | 82/18 | കുടാളി കുന്നുമ്മൽ താഴെ കൾവർട്ട് നിർമ്മാണം | 2600 |
| 6 | 90/18 | കോരമ്പേത്ത് താഴെ റോഡ് ടാറിംഗ് | 2000 |

| | | | |
|---|---|---|---|
| 7 | 91/18 | കോരാറമ്പ് വേശാല റോഡ് താറിംഗ് | 4800 |
| 8 | 93/18 | മുട്ടന്നൂർ പാലക്കീഴിൽ താഴെ റോഡ് താറിംഗ്, റീ താറിംഗ് | 1344 |
| 9 | 107/18 | കാവുന്താഴകട്ടോളി കനാൽ റോഡ്താറിംഗ്, റീതാറിംഗ് | 1344 |
| 10 | 128/18 | വനിതാ വ്യവസായ കേന്ദ്രം പൂർത്തീകരണം | 1000 |
| 11 | 121/18 | എ.എൽ. പി. സ്കൂൾ ടോയിലറ്റ് നിർമ്മാണം | 1344 |
| 12 | 166/18 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻട്രൽ നിർമ്മാണം | 2800 |
| 13 | 172/18 | ചക്കാലമുക്ക് അംഗൻവാടി നിർമ്മാണം | 5600 |
| 14 | 82/18 | കുടാളി കുന്നമ്മൽ താഴെ കൾവർട്ട് നിർമ്മാണം | 1300 |
| | | ആകെ | 29732 |

അസി. എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ടനുസരിച്ച് ടെണ്ടർ ഫീയിനത്തിൽ ₹ 29732 രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർസ്വീകരിക്കാൻ തുടങ്ങിയ കാലയളവ് മുതൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ടെണ്ടർ ഫീയിനത്തിലെ തുക കണക്കാക്കി തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 കരാർ കാലാവധികകം പ്രവൃത്തി പൂർത്തിയാകാത്ത കരാറുകാരിൽ നിന്നുംനിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തിയാവുന്നില്ല. മാസങ്ങൾ കഴിഞ്ഞാണ് പല പ്രവൃത്തികളും പൂർത്തിയായിട്ടുള്ളത്. പ്രവൃത്തിയുടെ കാലതാമസം സംബന്ധിച്ച് കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായോ, ദീർഘീകരണം അനുവദിച്ചതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ( ജി.ഒ.(പി) 13/2012/PWD/01-02-2012) ഖണ്ഡിക 2112-1ൽ നിർദ്ദേശിച്ച വിധത്തിലുള്ള പിഴ ഈടാക്കിയിട്ടില്ല. പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് നം. 12/18

കുടുംബശ്രീ കാന്റീൻ അറ്റകുറ്റപ്പണി

എഗ്രിമെന്റ് നം. NO.AE/LSGD/KDLY/62-15-16 DT 19-3-16

എസ്റ്റിമേറ്റ് നിരക്ക്- ₹ 1,00,000

ചെലവ്- ₹ 35,661 ( ബിൽ നം. 16/17-18 തീയതി 30-6-2017

കരാറുകാരൻ -ശ്രീ. പി.പി. ശശികുമാർ

എം.ബുക്ക് നം. 68/15-16

19-3-2016 ന് എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി അവസാനമായി മെഷർ ചെയ്ത തീയതി പ്രകാരം പൂർത്തിയായത് 31-3-2017 തീയതിയിലാണ്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല.

2. പ്രോജക്ട് നം. 32/17

വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം

എഗ്രിമെന്റ് നം. NO.AE/LSGD/KDLY/66-15-16 DT 19-3-16

എസ്റ്റിമേറ്റ് നിരക്ക്- ₹ 10,25,000

ചെലവ്- ₹ 1,47,405 ( ബിൽ നം. 17/17-18 തീയതി 30-6-2017

കരാറുകാരൻ -ശ്രീ. പി.പി. ശശികുമാർ

എം.ബുക്ക് നം. 67/15-16

2017-18 വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കിയ പ്രോജക്ടാണിത്. 19-3-2016 തീയതിയിൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി 6 മാസത്തിനകം പൂർത്തിയാക്കാൻ എഗ്രിമെന്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അവസാന മെഷർ തീയതി പ്രകാരം പ്രവൃത്തി പൂർത്തിയായത് 24-6-2017 നാണ്. ഈ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 8,60,027 രൂപയാണ് പാർട്ട് ബിൽ പ്രകാരം 2016-17 ൽ നൽകിയ തുക കഴിച്ചുള്ള തുകയാണ് 2017-18

വർഷത്തിൽ നടപ്പാക്കിയ പ്രോജക്ട് പ്രകാരം ചെലഴിച്ച 1,47,405 രൂപ . വിശദവിവരം ചുവടെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം- 8,60,027

- ടെണ്ടർ കുറവ് 3% - 25801

----------

8,34,226

- പാർട്ട് ബിൽ - 7,63,134

ബാലൻസ് തുക - 71092

+ റിട്ടൻഷൻ തുക - 76313

---------

ആകെ - 1,47,405

നികുതികൾ - 4266

കരാറുകാരന് 2017-18 പ്രോജക്ട് പ്രകാരം നൽകിയ തുക- ₹ 1,43,139 .കരാറുകരൻ പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലതാമസത്തിന് അപേക്ഷിച്ചതായോ ദീർഘീകരണം അനുവദിച്ചതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പ്രോജക്ട് നം.60/18 ( 27/17)

ചുണ്ടോൽ നാരങ്ങാട്ട് മൂല നടപ്പാത നിർമ്മാണം

എഗ്രിമെന്റ് നം. NO.AE/LSGD/KDLY/36-15-16 DT 5-1-16

എസ്റ്റിമേറ്റ് നിരക്ക്- ₹ 2,00,000

ചെലവ്- ₹ 1,67,176 ( ബിൽ നം. 12/17-18 തീയതി 30-6-2017

കരാറുകാരൻ -ശ്രീ. പി.പി. പുരുഷോത്തമൻ

എം.ബുക്ക് നം. രേഖപ്പെടുത്തിയിട്ടില്ല.

5-1-2016 ൽ കരാറുടമ്പടിവച്ച ഈ പ്രവൃത്തി അവസാന മെഷർ പ്രകാരം പൂർത്തിയായത് 31-3-2017 തീയതിയിലാണ്. എസ്റ്റിമേറ്റിലെ ചെയ്നേജ് പ്രകാരം 70 മീറ്റർ സ്ഥലത്താണ് നടപ്പാത നിർമ്മിക്കേണ്ടത്. ( 0/000 TO 0/70 ). എഗ്രിമെന്റിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. കരാറുകരൻ പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലതാമസത്തിന് അപേക്ഷിച്ചതായോ ദീർഘീകരണം അനുവദിച്ചതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4. . പ്രോജക്ട് നം. 61/18

പി. എച്ച്.സി ഗ്യാരേജ് നിർമ്മാണം.

എഗ്രിമെന്റ് നം. NO.AE/LSGD/KDLY/60-15-16 DT 19-3-16

എസ്റ്റിമേറ്റ് നിരക്ക്- ₹ 3,00,000

ചെലവ്- ₹ 1,88,187 ( ബിൽ നം. 13/17-18 തീയതി 30-6-2017

കരാറുകാരൻ -ശ്രീ. പി.പി.ശശികുമാർ

എം.ബുക്ക് നം. 66/15-16

ഈ പ്രവൃത്തിയുടെ എഗ്രിമെന്റ് 19-3-16 തീയതിയിലാണ് അവസാന മെഷർ ചെയ്ത തീയ്യതി പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 30-3-2017 തീയതിയിലാണ്. എഗ്രിമെന്റിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. കരാറുകരൻ പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലതാമസത്തിന് അപേക്ഷിച്ചതായോ ദീർഘീകരണം അനുവദിച്ചതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പ്രവൃത്തികളുടെ യഥാർത്ഥ പൂർത്തികരണ തീയതി പരിശോധിച്ച് നിയമാനുസൃത പിഴ ഈടാക്കി ഒടുക്കേണ്ടതാണ്. ഓരോ പ്രവൃത്തിയുടെയും എഗ്രിമെന്റുകളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ എഗ്രിമെന്റ് കാലയളവ് പരിശോധിച്ച് കാലതാമസം വന്ന പ്രവൃത്തികളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതും ഇതു സംബന്ധിച്ച വിവരം ഫയലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-11 റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം പാലിച്ചില്ല

ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/4620/12 സി.ഇ, ത.സ്വ.ഭ.വ തീയതി, 18-5-2016 സർക്കുലർ നിർദ്ദേശപ്രകാരവും , സ.ഉ ( സാധാ) നം.3119/2016 ത.സ്വഭ.വ തീയതി, 17-11-16 ഉത്തരവിലെ നിർദ്ദേശപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റിവെച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഇതുമൂലം ലക്ഷ്യമിടുന്നുണ്ട്. എന്നാൽ നിലവിൽ മേൽ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 മരാമത്ത് പ്രോജക്ടുകളുടെ നിർവ്വഹണം- പ്രോജക്ട് മോണിറ്ററിംഗ് ഫലപ്രദമല്ല - രേഖകൾ ലഭ്യമല്ല.

ഏതൊരു പ്രൊജക്ടിന്റെയും പൂർത്തികരണത്തിനോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കികൊണ്ടുള്ള പൂർത്തീകരണപത്രവും, വിശദമായ മോണിറ്ററിംഗ് റിപ്പോർട്ടും തയ്യാറാക്കി ഓരോ പ്രോജക്ട്

ഫയലിനോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന ഇത്തരം റിപ്പോർട്ടുകൾ വിഷയ മേഖലാടിസ്ഥാനത്തിലും, തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിലും ക്രോഡീകരിച്ച് സാമ്പത്തിക വർഷാവസാനം പദ്ധതി വിലയിരുത്തലിന് ഉപയോഗപ്പെടുത്തേണ്ടതാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിലൊന്നിലും ഇത്തരത്തിലുള്ള രേഖ ഉള്ളടക്കം ചെയ്തിട്ടില്ല.

പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വർക്കിംഗ് ഗ്രൂപ്പുകൾക്കും, സ്റ്റാന്റിംഗ് കമ്മറ്റികൾക്കും വളരെ വലിയ പങ്ക് വഹിക്കാനുണ്ട്. പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകളുടെ പരിശോധന ഫലപ്രാപ്തികുറഞ്ഞ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതല എന്നിവയെല്ലാം ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

വികസന സ്റ്റാൻഡിംഗ് കമ്മറ്റി കൈകാര്യം ചെയ്യേണ്ടുന്ന വിഷയമേഖലയിൽ ഉൾപ്പെടുന്നതാണ് പൊതുമരാമത്ത്. ഗ്രാമപഞ്ചായത്തിൽ ഓരോ പദ്ധതി വർഷത്തിലും പദ്ധതി തുകയുടെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്ന മേഖല കൂടിയാണിത്. പൊതുമരാമത്ത് പ്രവൃത്തിസംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രധാന ചുമതലകൾ ഇവയാണ്.

1. ആസ്തി രജിസ്റ്റർ, റോഡ് മാപ്പ് എന്നിവ തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

2.ആസ്തി രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ പുതുക്കുന്നുവെന്ന് ഉറപ്പുവരുതത്തുക.

3. പഞ്ചായത്തിന്റെ പശ്ചാതല മേഖലയിൽ ഏറ്റെടുക്കേണ്ട വികസന പ്രവർത്തനങ്ങളെ കുറിച്ച്പഠനം നടത്തുക.

4. വികസന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് വിദഗ്ധരെ കൊണ്ട് തയ്യാറാകുക.

5.സർക്കാർ നിർദ്ദേശങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായിട്ടാണ് വികസന പ്രവർത്തനങ്ങൾ നടത്തപ്പെടുന്നതെന്നും, കോൺട്രാക്റ്റ് /ടെണ്ടർ നടപടികളിലും ഗുണനിലവാരത്തിലും ഇവ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

6. പ്രൊജക്ടുകളുടെ ഗുണനിലവാര പരിശോധന നടത്തുക.

7. സോഷ്യൽ ഓഡിറ്റ് നടത്തുക.

ഈ പ്രവർത്തനങ്ങളെല്ലാം എത്രത്തോളം നടപ്പാക്കിയിട്ടുണ്ട് എന്നത് വിലയിരുത്തുന്നത് പ്രധാനമായും ഇതു സംബന്ധിച്ച് വികസന സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിലൂടെയാണ്. എന്നാൽ മേൽ പ്രവർത്തനങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമമറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിയാത്മകമായ ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായിട്ടില്ല. 2017-18 ൽ അംഗീകാരം ലഭിച്ച 104 മരാമത്ത് പ്രൊജക്ടുകളിൽ 68 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. അംഗീകാരം ലഭിച്ചതിൽ 36 പ്രൊജക്ടുകൾ നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല. 3,79,55,559 രൂപ അടങ്കൽ നിശ്ചയിച്ചതിൽ 2,02,85,984 രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹിച്ച പ്രോജക്ടുകളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ്. വളരെ കുറഞ്ഞ ചെയ്യേജിലാണ് ഈ പ്രവൃത്തികളെല്ലാം നിർവ്വഹിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിനെ ഒരൊറ്റ യൂണിറ്റായി

പരിഗണിക്കാതെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളൊന്നുംതന്നെ ഭൂരിഭാഗം ഫയലുകളിലും രേഖപ്പെടുത്തിയിട്ടില്ല. പൂർത്തിയാക്കാൻ കാലതാമസം വന്ന പ്രവൃത്തികളിൽ നിന്നും നിയമാനുസൃതപിഴ ഈടാക്കിയിട്ടുമില്ല. പദ്ധതികൾ നടപ്പാക്കുന്നതിനോടൊപ്പം അവയുടെ ഫലപ്രാപ്തി സംബന്ധിച്ചുള്ള കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിക്കേണ്ടതും സ്വീകരിച്ച വിവരങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-13 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

### അവലോകനം

ഗ്രാമപഞ്ചായത്തിൽ 2017-18വർഷം തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ, തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽ കാർഡ് വിതരണം, തൊഴിൽനല്കൽ വേതന വിതരണം മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന്ന് ആവശ്യമായ രീതിയിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ വാർഷിക പദ്ധതി-ലേബർ ബഡ്ജറ്റ്പ്രകാരം നടപ്പാക്കിയ പദ്ധതിയെ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | നിർദ്ദേശിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | ശതമാനം |
|---|---|---|---|
| 2017-18 | 352 | 192 | 55% |

തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം

| ഇനം | 2017-18 | റിമാർക്സ് |
|---|---|---|
| പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 173 | |
| ആകെരജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 3147 | |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ<br>തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1529<br>1529 | |
| 100 തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 15 | |

| | | |
|---|---|---|
| തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 48.58% | |
| സൃഷടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 48178 | |

തൊഴിൽ ആവശ്യപ്പെട്ട 1529 കുടുംബങ്ങൾക്കും തൊഴിൽ നല്കിയിട്ടുണ്ട്. എന്നാൽ 15 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽ ദിനം നല്കാൻ കഴിഞ്ഞിട്ടുള്ളൂ. തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം തൊഴിൽകാർഡ് ഉള്ളവർക്കെല്ലാം പരമാവധി തൊഴിൽ ലഭ്യമാക്കുക എന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വാർഷിക ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ട മുഴുവൻ പ്രവൃത്തികളും നടപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

. വാർഷിക റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല

സ.ഉ. നമ്പർ/ 12329/ഡി.ഡി.2/2012/ ത.സ്വ.ഭ.വ തീയതി 9-4-2012 ഉത്തരവിൽ നിർദ്ദേശിച്ച വിധം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ വർഷത്തിൽ രണ്ടു തവണ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധികരിക്കേണ്ടതാണ്. കൂടാതെ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന മുൻവർഷത്തെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ഈപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. പരാതി പരിഹാര സംവിധാനം എന്ന നിലയിൽ ആഴ്ചയിൽ ഒരുദിവസം തൊഴിലുറപ്പ് ദിനമായി ആചരിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉല്പാദനമേഖലയിലെ പ്രൊജക്ടുമായി ചേർന്ന് 1575 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ എകോപനത്തിനായി വാർഡ്തലത്തിൽ ഏകോപനസമിതി രൂപികരിച്ചിട്ടില്ല. നിലവിൽ തൊഴിൽ കൂലി ഇ.എഫ്.എം.എസ് രീതിയിൽ തൊഴിലാളികളുടെ അകൌണ്ടിൽ നൽകുകയാണ് ചെയ്തുവരുന്നത്. 48 പ്രവൃത്തികളിലായി 607000 രൂപയുടെ വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട് ഇതിന്റെ ഫലമായി 748 രൂപ കോമ്പൻസേഷൻ നൽകേണ്ടി വന്നിട്ടുണ്ട്. വാർഷിക പദ്ധതി ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പരമാവധി ഏറ്റെടുക്കുവാനും അതനുസരിച്ചുള്ള തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 മഴക്കാലപൂർവ്വശുചീകരണം-ശുചിത്വ മിഷൻ ഫണ്ട് അനുവദിക്കുന്ന മുഴുവൻ തുകയും വിനിയോഗിക്കുന്നില്ല

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2017-18 വർഷം ഗ്രാമപഞ്ചായത്തിന് 101430/- രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 5629 രൂപ വേനലവധിക്യാമ്പ് നടത്തുന്നതിനായി ചെലവഴിക്കുകയും ബാക്കിയുള്ള 95801/- രൂപ 18 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ചെയ്തു. ഇതിൽ

78162/- രൂപ മാത്രമാണ് ചെലവഴിച്ചത്. 17,639/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. തനത് ഫണ്ടിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് തല പ്രവർത്തകരേയും സന്നദ്ധപ്രവർത്തകരേയും ഏകോപിപ്പിച്ച് വാർഡ്തലത്തിൽ ശുചിത്വ പ്രവർത്തനങ്ങളുടെ കണ്ടെത്തലും ആസൂത്രണവും കർമ്മപരിപാടികളും തയ്യാറാക്കി സമയബന്ധിതമായി പ്രവർത്തിക്കുകയാണ് ക്യാമ്പയിനിന്റെ ലക്ഷ്യം. ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ അവസാനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ കർമ്മപരിപാടികൾ സംഘടിപ്പിക്കണം.

വാർഡൊന്നിന് 10,000/- രൂപ വീതം ശുചിത്വമിഷൻ ഫണ്ട് അനുവദനീയമാണെന്നിരിക്കെ തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച ശുചിത്വമിഷൻ ഫണ്ട് വാർഡൊന്നിന് 5322/- രൂപ വീതം 95801/- രൂപയാണ്. ഇതിൽ തന്നെ 17,639/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് വാർഡ്തല മഴക്കാലപൂർവ്വ ക്യാമ്പയിനുകളും ശുചിത്വപ്രവർത്തനങ്ങളും കൃത്യമായി നടക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്

മഴക്കാലപൂർവ്വ ശുചീകരണം ചെലവ് സംബന്ധിച്ച വൌച്ചറുകൾ ക്യാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം സെക്രട്ടറി വാർഡ് സമിതികളിൽ നിന്ന് ശേഖരിക്കേണ്ടതാണ്. ഒറിജിനൽ വൌച്ചറുകൾ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

## 3-15 തെരുവ് നായ്ക്കളുടെ നിയന്ത്രണം- അനിവാര്യ ചുമതല നിറവേറ്റാൻ നടപടികളില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഉപവകുപ്പ് 1 പട്ടിക 3 പ്രകാരമുള്ള അനിവാര്യചുമതലകളിൽ ഉൾപ്പെട്ടതാണ് വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞുനടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക എന്നത്. എന്നാൽ 2017-18 ൽ ഗ്രാമപഞ്ചായത്തിൽ പേവിഷബാധാ നിയന്ത്രണത്തിനായി പദ്ധതികൾഒന്നും തയ്യാറാക്കിയിട്ടില്ല. എന്ന് മാത്രമല്ല , പേപ്പട്ടി കടിച്ചയാൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 101000/- (പ്രോജക്ട് നമ്പർ 178/18 )ചെലവഴിക്കേണ്ടി വന്നിട്ടുമുണ്ട്. തെരുവ് നായ്ക്കളുടെ വർദ്ധനവിന് പ്രധാന കാരണമായ കശാപ്പ് മാലിന്യങ്ങളും മറ്റും വേണ്ട രീതിയിൽ സംസ്കരിക്കുകയും മാലിന്യനിർമാർജനം ഫലപ്രദമാക്കുകയും ചെയ്യുക വഴി തെരുവ് നായ്ക്കളുടെ ശല്യത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയുന്നതാണ്. മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഫാക്ടറി പരിസരങ്ങൾ, സ്ഥാപനങ്ങൾ,സ്കൂളുകൾ, വീടുകൾ എന്നിവിടങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തേണ്ടതാണ്. ഇത്തരം പരിശോധനകൾ ഉറപ്പു വരുത്തുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശക്തമായ ഇടപെടലുകൾ ആവശ്യമാണ്. ഉറവിട മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കാനുള്ള ശ്രമങ്ങൾ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ നടത്തേണ്ടതാണ്. ഇത്തരത്തിൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടേയും തെരുവ് നായ്ക്കളുടെ ശല്യത്തിന് പരിഹാരം കാണാൻ ശ്രമിക്കേണ്ടതുണ്ട്. അതുവഴി നഷ്ടപരിഹാരം നൽകുന്നതിനായി വൻതുക ചെലവഴിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാവുന്നതാണ്.

## 3-16 കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്ക് - തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

1. പ്രൊജക്റ്റ്. നം -151/18

പ്രൊജക്റ്റ് - അംഗൻവാടികളിൽ കുടിവെള്ളകണക്ഷൻ ലഭ്യമാക്കൽ

അടങ്കൽ - 406267/- വികസനഫണ്ട്

ചെലവ് - 390000/-

ബിൽ. നം.16/12.01.2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ മൂലക്കരി, തറ്റ്യോട്, ചക്കാലമുക്ക് എന്നീ അംഗൻവാടികളിൽ കുടിവെള്ളകണക്ഷൻ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്റ്റ്. ഇതനുസരിച്ച് കേരളവാട്ടർ അതോറിറ്റിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം 3,90,000/- രൂപ ഡെപ്പോസിറ്റ് ആയി അക്കൌണ്ട് നമ്പർ 67153474559 ൽ 3-01-18 ന് ക്രഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കുടിവെള്ളകണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി , അംഗൻവാടികളിൽ കുടിവെള്ളകണക്ഷൻ കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 28-09-18 ന് നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കുടിവെള്ളകണക്ഷൻ ലഭ്യമായിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാം എന്നുമാണ് മറുപടി ലഭ്യമാക്കിയത്. പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായാൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2. പ്രൊജക്റ്റ്. നം -158/18

പ്രൊജക്റ്റ് - വരൾച്ച പ്രതിരോധ പ്രവർത്തനം- പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ - 2400000/- ധനകാര്യകമ്മീഷൻഗ്രാന്റ്

ചെലവ് - 2322000/-

ബിൽ. നം.21/26.02.2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വരൾച്ച പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി കൂടാളി ഗ്രാമപഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി കേരളവാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് ആയി നടപ്പിലാക്കുന്നതിനാണ് മേൽ പ്രോജക്റ്റ്. ഈ പ്രോജക്റ്റ് നടപ്പാക്കുന്നതിനായി മുകളിൽ കൊടുത്ത പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി നിലവിൽ പൂർത്തിയായതായാണ് ഇത് സംബന്ധിച്ച് 28-09-18 ന് നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. വിനിയോഗസാക്ഷ്യപത്രം കേരളവാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായാൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കുടിവെള്ളകണക്ഷൻ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തേണ്ടത് കുടിവെള്ള ശുചിത്വ വർക്കിംഗ് ഗ്രൂപ്പ് ആണ്. എന്നാൽ പ്രവൃത്തിയുടെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തിയിട്ടില്ല.

## 3-17 പുതിയ തെരുവ് വിളക്കുകളുടെ സ്ഥാപനം- കെ.എസ്.ഇ.ബി യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 67/17-18

പ്രൊജക്ടിന്റെ പേര് : തെരുവ് വിളക്ക് വാങ്ങൽ

അടങ്കൽ : ₹ 5,00,000 വികസന ഫണ്ട് 20,000/- തനത് ഫണ്ട്

ചെലവ് തുക : ₹169809 ബിൽ നം. 27/17-18/ 28-3-18

₹168191 ബിൽ നം. 28/17-18/ 28-3-18

ആകെ ₹3,38,000

കൂടാളി ഗ്രാമപഞ്ചായത്തിലേക്ക് 200 തെരുവ് വിളക്ക് (2x40W Tube set) ടെണ്ടർ മുഖേന വാങ്ങുന്നതിനാണ് ഈ പ്രോജക്ട്. 3 ടെണ്ടറുകൾ ലഭിച്ചതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ശ്രീലേഷ്. സി, എലൈറ്റ് ഇലക്ട്രിക്കൽസ് എന്നയാൾക്കാണ് കരാർ നൽകിയത്.

എലൈറ്റ്ഇലക്ട്രിക്കൽസിന്റെ ഇൻവോയ്സ് നമ്പർ 42 /12-03-18 പ്രകാരം 200 ട്യൂബ് സെറ്റിന്റെ വില ടാക്സടക്കം 3,38,000/- ആണെന്ന് കാണിച്ചിട്ടുണ്ട്.ആയത് മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം 125ട്യൂബ് ലൈറ്റുകൾ പുതുതായി സ്ഥാപിക്കുകയും 75 എണ്ണം മാറ്റിസ്ഥാപിക്കുകയുമാണ് വേണ്ടത്. ഇത് പ്രകാരം മുഴുവൻ വിളക്കുകളും സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബിയിൽ നിന്നുള്ള സാക്ഷ്യപത്രം/ഇൻസ്ററലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

## 3-18 കുടിവെള്ളടാപ്പുകളുടെ വെള്ളക്കരം- അധികമൊടുക്കിയ തുക ക്രമീകരിച്ചിട്ടില്ല

കൂടാളി ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം 123 ടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കിയത്. പ്രതിമാസം 53813/- രൂപ വീതം തൻവർഷം 6,45,756/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 07-11-17,08-11-17 എന്നീ തീയ്യതികളിൽ നടത്തിയ സംയുക്ത പരിശോധനാറിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായിട്ടുള്ള ടാപ്പുകളുടെ എണ്ണം 110 ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതായത് 2017 നവംബർ മാസം മുതൽ 13 ടാപ്പുകളുടെ വെള്ളക്കരം പ്രതിമാസം 5688/- രൂപ (53813-48125) ഗ്രാമപഞ്ചായത്ത് അധികമായി ഒടുക്കിയിട്ടുണ്ട്. അധികം ഒടുക്കിയ തുകയായ (5688 x 6) 34,128/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് തിരികെ ലഭിക്കുകയോ അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട്

സെക്രട്ടറി 24-04-18 ലെ എ1-5684/15 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റിയോടാവശ്യപ്പെട്ടെങ്കിലും നടപടിയുണ്ടായിട്ടില്ല. സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം 110 ആയി നിജപ്പെടുത്തി, ആയതിന്റെ വെള്ളക്കരം തുകയായ 48,125/- രൂപയുടെ ഡിമാന്റ് ബിൽ 5/18 മുതൽ അയക്കുന്നതാണെന്നാണ് വാട്ടർ അതോറിറ്റി മറുപടി നൽകിയത്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുള്ള നിസ്സഹകരണം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരസ്ഥാനത്തെ അറിയിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് അധികമായി ഒടുക്കിയ തുക തിരിച്ചുപിടിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ.

1. നി. ഉ. - മെഡിക്കൽ ഓഫീസർ (അലോപ്പതി)

പ്രൊജക്ട്. നം - 6/18

പ്രൊജക്ട് - പി.എച്ച്.സി. ഫാർമസിയിൽ എയർകണ്ടീഷൻ സ്ഥാപിക്കൽ.

അടങ്കൽ - 6,00,00/- മെയിന്റനൻസ് ഫണ്ട്- റോഡിതരം

ചെലവ് - 53,382/-

ബിൽ.നം./തീ. - 6/18, 22-03-2018

മേൽ പദ്ധതി പ്രകാരം 53,382/- രൂപ ചെലവഴിച്ച് പി.എച്ച്.സി. ഫാർമസിയിൽ എയർകണ്ടീഷൻ സ്ഥാപിച്ചിട്ടുണ്ട്. എയർകണ്ടീഷൻ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2. പ്രൊജക്ട്. നം -124/18

പ്രൊജക്ട് - പി.എച്ച്.സി. സബ്സെന്റർ കമ്പ്യൂട്ടർ വാങ്ങൽ.

അടങ്കൽ - 10,000/- ,തനത് ഫണ്ട്

1,00,000/-, മെയിന്റനൻസ് ഫണ്ട്- റോഡിതരം

ചെലവ് - 91,760/- മെയിന്റനൻസ് ഫണ്ട്- റോഡിതരം

ബിൽ.നം./തീ. - 5/18, 22-03-2018

മേൽ പ്രോജക്ട് പ്രകാരം പി.എച്ച്.സി. സബ്സെന്ററിലേക്ക് 2 കമ്പ്യൂട്ടർ വാങ്ങുന്നതിന് ഇഗാപോ സൊല്യൂഷൻസ്, കുത്തുപറമ്പ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 26-10-17 തീയ്യതിയിലെ 190/17(4) നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് മേൽ സ്ഥാപനത്തിന് നെഗോസ്യേഷനോട് കൂടി സപ്ലൈ ഓർഡർ നൽകാനും കമ്പ്യൂട്ടർ ലഭ്യമാക്കി ബന്ധപ്പെട്ട വകുപ്പിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി ടെണ്ടർ ലഭിച്ച സ്ഥാപനത്തിന് തുക നൽകാനും ഗ്രാമ പഞ്ചായത്ത്

സെക്രട്ടറി 26-10-17 ലെ A1-6699/16 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചതനുസരിച്ചാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പർച്ചേസ് ഓർഡർ നൽകിയിരിക്കുന്നത്. മേൽ സ്ഥാപനം ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾ പർച്ചേസ് ഓർഡറിൽ പറഞ്ഞ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളതാണോ എന്ന് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-20 പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രൊജക്ട് നമ്പർ : എസ്. ഒ. 137/18

പ്രൊജക്ടിന്റെ പേര് : സ്കൂളിൽ പത്ര ശാസ്ത്ര മാസികകൾ വിതരണം

അടങ്കൽ : ₹ 1,00,000 (പൊതുവിഭാഗം)

ചെലവ് തുക : ₹ 89,000 ബിൽ നം. 5/17-18/ 22-3-2018

ആകെ : ₹ 89,000

ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ പത്ര, ശാസ്ത്ര മാസികകൾ വിതരണം ചെയ്യുക എന്നതാണ് പ്രോജക്ട്. പരിശോധനയ്ക്ക് ലഭ്യമായ രേഖകൾ പ്രകാരം 13 സ്കൂളുകളിൽ പത്രം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. സാക്ഷ്യപത്രംപ്രകാരം പ്രവൃത്തി ദിവസങ്ങളിൽ പ്രതിദിനം ലഭിച്ച പത്രത്തിന്റെ കോപ്പികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | വിതരണം ചെയ്ത പത്രത്തിന്റെ കോപ്പികൾ |
|---|---|---|
| 1 | ഗവ. യു.പിസ്കൂൾ കുന്നത്ത് | 10 |
| 2 | ഗവ. യു.പിസ്കൂൾ പട്ടാന്നൂർ | 13 |
| 3 | പാലയാട്. എൽ. പി | 5 |

| | | |
|---|---|---|
| 4 | ദേശമിത്രം എൽ. പി | 5 |
| 5 | കോവൂർ എൽ.പി | 4 |
| 6 | കോവൂർ സെൻട്രൽ എൽ.പി | 5 |
| 7 | കാവുംത്താഴ എൽ.പി | 4 |
| 8 | കുടാളി. യു. പി | 7 |
| 9 | ദുർഗാവിലാസം എൽ.പി | 4 |
| 10 | പട്ടാന്നൂർ യു,പി | 14 |
| 11 | മുട്ടന്നൂർ യു.പി | 11 |
| 12 | താറ്റ്യോട്ട് യു.പി | 5 |
| 13 | ഗവ. എൽ.പി. സ്കൂൾ കൊടോളിപ്രം | 4 |

പത്ര ശാസ്ത്ര മാസികകൾ വിതരണം ചെയ്യാനുള്ള പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ ശാസ്ത്ര മാസികകൾ ഈ പ്രോജക്ടിന്റെ ഭാഗമായി വിതരണം ചെയ്തിട്ടില്ല. യുറീക്ക, ശാസ്ത്ര കേരളം എന്നീ പ്രസിദ്ധീകരണങ്ങൾ വിതരണത്തിന് പ്രാദേശിക ഏജൻസിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിതരണം നടത്തിയിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രോജക്ട് വിഭാവനം ചെയ്ത വിധത്തിൽ സ്കൂളുകൾക്ക് ശാസ്ത്ര മാസികകൾ വിതരണം ചെയ്യുന്നതിന് മുൻഗണന നൽകേണ്ടതാണ്.

## 3-21 ആയുർവേദ ഡിസ്പൻസറിക്ക് മുഴുവൻ മരുന്നുകളും ലഭ്യമായില്ല – തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി

പ്രോജക്ട് നം :66/18

പ്രോജക്ടിന്റെ പേര് : ആയുർവേദ മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 6,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹ 6,00,000 ബിൽ നമ്പർ/തീയ്യതി :01/17-18/23-08-17

ആയുർവേദ ആശുപത്രിയിൽ മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മുൻകൂറായി ₹ 6,00,000 ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസുകൾ പ്രകാരം ₹5,75,739 യുടെ മരുന്ന് മാത്രമേ ഡിസ്പെൻസറിക്ക് ഔഷധി സപ്ലൈ ചെയ്തിട്ടുള്ളൂ. ₹ 24,261/-രൂപയുടെ മരുന്ന് ഇതുവരെയായി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-22 തൊഴിൽ രഹിത വേതനം അനർഹരായവർ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ 113 ഗുണഭോക്താകൾ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്നുണ്ട്. ജി.ഒ.(പി) 23/98/തൊഴിൽ തീയതി, 28-5-1998 പ്രകാരം പ്രതിവർഷ വരുമാനം 12000 രൂപയിൽ അധികരിച്ചാൽ തൊഴിൽ രഹിത വേതനത്തിന് അർഹതയില്ല .നിലവിൽ തൊഴിൽചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കാനുതകുന്ന വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. എന്നിരുന്നിട്ടും പ്രതിമാസം 1000 രൂപ വരുമാനമില്ലാത്ത 113 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിലുണ്ടെന്നതിലെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. 2017-18വർഷത്തിൽ ആകെ 3147 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരുന്നെങ്കിലും കേവലം 1529 കുടുംബങ്ങൾ മാത്രമാണ് തൻ വർഷം ജോലി ആവശ്യപ്പെട്ടതെന്നും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതുണ്ട്. ജോലിചെയ്യാൻ മറ്റുവിധത്തിൽ അവശതയുള്ള ജനവിഭാഗങ്ങൾക്ക് മറ്റ് ആനുകൂല്യങ്ങളും, അംഗപരിമിതർക്ക് അവർക്കർഹമായ പെൻഷനും ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 248625/ | 148/18-വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ് | 248625/ | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 460000/ | 145/18 കശുമാവ് കൃഷി വികസനം | 460000/ | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000/ | 169/18പാലുല്പാദന ബോണസ് | 50000/ | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 212500/ | 57/18 സമഗ്ര നെൽകൃഷി വികസനം | 212500/ | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 26250/ | 58/18പച്ചക്കറി വികസനം-കൂലിച്ചലവ് ധനസഹായം | 26250/ | 0 |
| ജില്ലാ പഞ്ചായത്ത് | 50000/ | 169/18പാലുല്പാദന ബോണസ് | 50000/ | 0 |
| ജില്ലാ പഞ്ചായത്ത് | 212500/ | 57/18 സമഗ്ര നെൽകൃഷി വികസനം | 212500/ | 0 |
| ജില്ലാ പഞ്ചായത്ത് | 63750/ | 58/18പച്ചക്കറി വികസനം-കൂലിച്ചലവ് ധനസഹായം | 63750/ | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 680000/ | ടലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം(ജനറൽ) | 510000/ | 170000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 158/18വരൾച്ച പ്രതിരോധ പ്രവർത്തനം- പൈപ്പ് ലൈൻ നീട്ടൽ | 21700998 , 24/2/18 | 2322000/ | 0 | 2322000/ |
| കേരള വാട്ടർ അതോറിറ്റി | 151/18അംഗനവാടികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ | 21700958, 03/01/2018 | 390000/ | 0 | 390000/ |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,08,822 |
| തൻവർഷം നിക്ഷേപിച്ച തുക | 19,971 |

| | |
|---|---|
| ആകെ | 2,28,793 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,28,793 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കാമധേനു ഡെപ്പോസിറ്റ് ജനറൽ FD No.961596 കനറാ ബാങ്ക്. | 2,28,793 |
| ആകെ | 2,28,793 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2(1) | 1250 | വിനോദ് കുമാർ കെ പി (എ.ഒ) | 117010100715, 19/05/2017 |
| 2015-16 | 2-2-3(1) | 1200 | സി അബൂബക്കർ സിദ്ധിഖ് (സെമി സോമില് ) | 117010102239, 31/08/2017 |

| | | | | |
|---|---|---|---|---|
| | | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | - | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | - | ആരോഗ്യ മേഖല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58356816.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57540764.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21165 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 933020 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 3-3 | - | 17980 | നീരജ.സി.ആർ.കൃഷി ഓഫീസർ |
| 3-8 | - | 3185 | മനോഹരൻ മാണിക്കോത്ത്, അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 162020 | നീരജ.സി.ആർ.കൃഷി ഓഫീസർ |
| 3-4 | 771000 | നീരജ.സി.ആർ.കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| നീരജ.സി.ആർ.<br>കൃഷി ഓഫീസർ | കൃഷിഭവൻ,<br>വിയ്യപുരം,<br>ആലപ്പുഴ | തിരുവാതിര,<br>പള്ളിപ്പുറം.പി.ഒ,<br>തിരുവനന്തപുരം |
| ഷാനവാസ് എസ്.<br>അസി.എഞ്ചിനിയർ | വിരമിച്ചു | അൽനൂർ, ചെറുകുളത്ത്<br>കമ്പി, പി.ഒ.അവലൂകുന്ന്,<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18<br>തീ.06.04.2018 | 1 |
| 2001-02 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18<br>തീ.06.04.2018 | 1 |
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18<br>തീ.06.04.2018 | 2 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18<br>തീ.06.04.2018 | 5 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18<br>തീ.06.04.2018 | 7 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18<br>തീ.06.04.2018 | 2 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18<br>തീ.06.04.2018 | 1 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18 തീ.06.04.2018 | 10 |
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18 തീ.06.04.2018 | 12 |
| 2010-11<br>11-12 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18 തീ.06.04.2018 | 8 |
| 2012-13. | കെ.എസ്.എ.കെ.എൻ.ആർ-സി.28/18 തീ.06.04.2018 | 8 |
| 2013-14,<br>2014-15 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18 തീ.06.04.2018 | 9 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ-സി.28/18 തീ.06.04.2018 | 13 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ-സി.10/1234/ 17തീ.05.10.2107 | 5 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ./കെ.എൻ.ആർ./സി.10/1837/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഫോൺ: 0497 2707698
ഇ-മെയിൽ:; doknr.ksad@kerala.gov.in
തീയ്യതി: 15.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൂടാളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Koodali Grama Panchayath

Receipt And Payment Statement, For the period from 01-April 2017 to 31 March 2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 20507316 |
| | Cash | RP-40(a) | 208911 |

| | | | |
|---|---|---|---|
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 1448960 |
| 130000000 | Rental Income from Panchayath Properties | RP-3 | 6000 |
| 140000000 | Fees & User Charges | RP- 4 | 614139 |
| 150000000 | Sale & Hire Charges | RP- 5 | 193303 |
| 160000000 | Revenue Grants ,Funds,Contributions & Compensations | RP- 7 | 43853146 |
| 171000000 | Interest Earned | RP- 9 | 645634 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 6047432 |
| 350000000 | Other Liabilities | RP-36 | 199141 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 25400 |
| 340000000 | Deposits Received | RP- 34 | 36576 |
| 350000000 | Other Liabilities | RP- 36 | 108734 |
| 431000000 | Sundry Debtors(Receivables) | RP- 43 | 242428 |
| 460000000 | Loans,Advances and Deposits | RP- 47 | 4935923 |

| | | | |
|---|---|---|---|
| Grand Total | | | 79073043.68 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2638015 |
| 220000000 | Administrative Expenses | RP-12 | 1129970 |
| 230000000 | Operatations & Maintanance | RP-13 | 1100308 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 5382127 |
| 251000000 | Decentralised plan programme – Service Sector | RP-16 | 9860926 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 1053730 |
| 253000000 | Decentralised plan programme – projects not included in service sector | RP-18 | 1340190 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 411440 |
| 255000000 | Maintanance Projects | RP-20 | 6978228 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 12000 |
| 280000000 | Prior Period Item | RP-26 | -98327 |
| 350000000 | Other Liability | RP-36 | 4762369 |

| | | | |
|---|---|---|---|
| Non operating | | | |
| 240000000 | Interest and Finance Charges | RP-14 | 16541 |
| 280000000 | Prior period Item | RP-26 | -32,650 |
| 340000000 | Deposit Received | RP-34 | 56930 |
| 350000000 | Other Liability | RP-36 | 3072279 |
| 410000000 | Fixed Assets | RP-38 | 13003965 |
| 412000000 | Capital Work in progress | RP-40 | 299413 |
| 431000000 | Sundry Debtors (Receivables) | RP-43 | 3216311 |
| 460000000 | Loan Advances and Deposits | RP-47 | 3336999 |
| | Closing Balance | | |
| | Bank | RP-40(b) | 21364695 |
| | Cash | RP-40(b) | 167584 |
| Grand Total | | | 79,073,043.68 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Koodali Grama Panchayath

Income & Expenditure statement For the period from 01-April 2017 to 31 March 2018

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|

| | | | |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 5844753 |
| 130000000 | Rental Income from panchayath properties | 1-3 | 288145 |
| 140000000 | Fee &User charges | I-4(b) | 802589 |
| 150000000 | Sale &Hire Charges | I-5(b) | 193303 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 99489193 |
| 1710000000 | Income from investment | 1-7 | 63503 |
| 1710000000 | Interest Earned | I-8 | 645634 |
| 180000000 | Other Income | 1-9 | 25400 |
| A | Total Income | | 107352520 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 10005933 |
| 220000000 | Administrative Expenses | I-11(b) | 1129970 |
| 230000000 | Operations & Maintanance | I-12(b) | 1248842 |
| 240000000 | Interest & Finance Charges | I-13 | 16541 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 8792127 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 20229714 |

| | | | |
|---|---|---|---|
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 1053730 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 1340190 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 50007740 |
| 255000000 | Maintenance Projects | I-14(e) | 7007067 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 12,000,00 |
| 272000000 | Depreciation | 1-17(a) | 9047932 |
| B | Total - Expenditure | | 109891786 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | -2539266 |
| D=280000000 | Prior period Item | I-18 | -57205 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to reserve funds | | -2482061 |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

## അനുബന്ധം-2-3

# ബാലൻസ് ഷീറ്റ്

Koodali Grama Panchayath

Balance Sheet As on 31 March 2018

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | -8312044.37 |
| 311000000 | Earmarked Funds | B-2 | 82898 |
| 312000000 | Reserves | B-3 | 64281044 |
| | Total Reserve & surplus | | 56051897.63 |
| | Grants,Contributions for specific purposes | B-4 | 2646077 |
| | Total Grants,Contribution for specific purposes | | 2646077 |
| | Loans | | |
| | Secured Loans | | 0 |
| | Current Liability and Provisions | | |
| 340000000 | Deposit Received | B-7 | 742441 |
| 350000000 | Other Liabilities | B-9 | 1310588.7 |
| | Total Current Liabilities and Provisions | | 2053029.70 |
| | TOTAL LIABILIITIES | | |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 72776206 |
| 411000000 | Accumulated Depreciation | B-11 | -39804120 |
| 412000000 | Capital Work In Progress | B-11(a) | 0 |
| | Total Fixed Assets | | 32972086 |
| 420000000 | Investment | B-12 | 272325 |
| | Total Investment | | 272325 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 3262113.65 |
| 440000000 | Pre paid Expenses | B16 | 0 |
| 450000000 | Cash and Bank balance | B-17 | 21532279.68 |
| 460000000 | Loans,Advances and Deposits | B-18 | 2712200 |
| | Total Current Assets,Loans and Advances | | 27506593.33 |
| | Total Assets | | 60751004.33 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.